പന്ത്രണ്ടാം കേരള നിയമസഭ I-T

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 271 06-07-2009-ലെ മറുപടിക്ക്

# സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.അച്യുതൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്? | (എ) സാമ്പത്തികശേഷിയില്ലാത്ത കുടുംബങ്ങളിൽ അപ്രതീക്ഷിതമായോ അല്ലാതെയോ ഉണ്ടാകുന്ന അസുഖങ്ങൾക്ക് ചികിത്സ നേടാൻ സാമ്പത്തികമായി കഷ്ടപ്പെടേണ്ട അവസ്ഥ ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. അസംഘടിതമേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന. ഇതുപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളി കുടുംബങ്ങൾക്ക് പ്രതിവർഷം 30,000/- രൂപയുടെ ഇൻഷ്വറൻസ് ചികിത്സാ സഹായം നൽകും. പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ. പട്ടികയിലെ കുടുംബാംഗങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സംസ്ഥാന ഗവണ്മെന്റ് ഈ പദ്ധതി വിപുലപ്പെടുത്തുകയും പ്ലാനിംഗ് കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള കുടുംബങ്ങൾക്കുപുറമെ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ കുടുംബങ്ങൾക്കും ഇതിനു പുറമെ എ.പി.എൽ.കുടുംബങ്ങൾക്കും ബാധകമാക്കി പുനഃസംഘടിപ്പിക്കുകയുണ്ടായി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (CHIS)ക്കു കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയും (RSBY), സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും (Comprehensive Health Insurance Scheme - CHIS) സംസ്ഥാനത്ത് ഒന്നായി നടപ്പാക്കി വരികയാണ്. ബി.പി.എൽ കുടുംബങ്ങൾ (കേന്ദ്രമാനദണ്ഡവും സംസ്ഥാന മാനദണ്ഡവും ഉൾപ്പെടെ) 30/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് പദ്ധതിയിൽ ചേരാവുന്നതാണ്. ഈ രണ്ട് ലിസ്റ്റിലും ഉൾപ്പെടാത്തവർക്ക് മുഴുവൻ പ്രീമിയം തുകയുമടച്ച് (ഈ വർഷം 506 രൂപ) ഈ പദ്ധതയിൽ ചേരാവുന്നതാണ്. ഈ |

പദ്ധതിയിൽ ചേരുന്നവർക്ക് 30,000/- രൂപ വരെ സൗജന്യ ചികിത്സാ ചെലവ് ലഭ്യമാക്കുന്നതിനു പുറമെ അപകടത്തിൽ മരണപ്പെടുന്ന കുടുംബനാഥൻ/ നാഥയ്ക്ക് 25,000/- രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കും. കേന്ദ്രാവിഷ്കൃത പദ്ധതിയായ RSBY യുടെ മാർഗ്ഗരേഖകൾ തന്നെയാണ് ഇപ്പോൾ CHIS നും അവലംബിച്ചിട്ടുള്ളത്.

(ബി). ഈ പദ്ധതിയിൽ ഇപ്പോൾ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്?

(ബി). 30-06-2009-വരെ 10,33,797 കുടുംബങ്ങൾ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(സി) ബി.പി.എൽ. വിഭാഗങ്ങളെ കണ്ടെത്താൻ അദ്ധ്യാപകർ നടത്തുന്ന എന്യൂമറേഷൻ പൂർത്തിയാകുന്നതിന് മുൻപ് ഈ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്ന നടപടി അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി). കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയുടെ മാർഗ്ഗരേഖകൾ പ്രകാരം ഒരു ജില്ലയിലെ അംഗത്വം ചേർക്കൽ തുടങ്ങി ആറാം മാസം പൂർത്തീകരിച്ചിരിക്കണം. ഇതനുസരിച്ച് ആലപ്പുഴ ജില്ലയിൽ 2009 മെയ് 31-നും തൃശൂർ, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 2009 ജൂൺ 30-നും അംഗത്വം ചേർക്കൽ അവസാനിച്ചു. മറ്റു ജില്ലകളിൽ 2009 ജൂലൈ 31-ന് അംഗത്വം ചേർക്കൽ പൂർത്തിയാകും. ബി.പി.എൽ. സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ലിസ്റ്റനുസരിച്ച് അംഗത്വം എടുപ്പിക്കുന്ന പ്രക്രിയ ആരംഭിക്കുന്നതാണ്. എന്നാൽ തുടർ പദ്ധതിയെന്ന നിലയിൽ enrolment നടപടികൾ നിർത്തിവെക്കാനാവില്ല.

(ഡി). അപ്രകാരം ചെയ്താൽ ഈ പദ്ധതിയിൽ ചേരാൻ അർഹതയുള്ളവർ പദ്ധതിക്ക് പുറത്താവുകയും പദ്ധതിയിൽ ചേരാൻ അർഹതയില്ലാത്തവർ പദ്ധതിയിലെ അംഗങ്ങൾ ആവുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

(ഡി). ബി.പി.എൽ. പട്ടികയുടെ പോരായ്മകൾ പരിഹരിക്കുന്നത് ഒരു തുടർ പ്രക്രിയയിൽകൂടിയാണ്. അനർഹരെ ഒഴിവാക്കാൻ ഇപ്പോൾത്തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്. അർഹതയുള്ളവരെയെല്ലാം ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ സ്വീകരിക്കുകയാണ്.

Joseph
(സെക്ഷൻ ഓഫീസർ)

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 272

06.07.2009 - ൽ മറുപടിയ്ക്ക്

## സർവ്വീസ് സഹകരണ സംഘം ഭരണസമിതികളിലെ സ്ത്രീ പ്രാതിനിധ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. പി. തിലോത്തമൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |

(എ) സർവ്വീസ് സഹകരണ സംഘങ്ങളിലെ ഭരണ സമിതികളിൽ 33% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സഹകരണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എന്ന് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എ) സഹകരണ സംഘങ്ങളിലെ ഭരണസമിതികളിൽ നിലവിൽ ഒരു വനിതാ അംഗത്തെ തിരഞ്ഞെടുക്കുന്നതിന് വ്യവസ്ഥയുണ്ട്. ആയത് വർദ്ധിപ്പിക്കുന്നതിന് 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു. [illegible] നിലവിലുള്ള ഒരു വനിതാ അംഗം എന്നത് രണ്ടാക്കി ഭേദഗതി വരുത്തുന്നതിനുള്ള കരടു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഭരണസമിതിയിൽ സഹകരണ രംഗത്തെ വിദഗ്ധരായ രണ്ട് അംഗങ്ങളെക്കൂടി നാമനിർദ്ദേശം ചെയ്യുന്നതിന് നിയമഭേദഗതി കൊണ്ടുവരുമോ ;

(ബി) അപ്പെക്സ്, സെൻട്രൽ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേക്ക് സഹകാരികളെ നാമനിർദ്ദേശം ചെയ്യുന്നതിന് 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ വകുപ്പ് 31 പ്രകാരം വ്യവസ്ഥയുണ്ട്. കൂടാതെ അർബൻ ബാങ്കുകളുടെ ഭരണ സമിതികളിൽ രണ്ടിൽ കുറയാത്ത സീറ്റുകളിലേക്ക് ബാങ്കിംഗ് അല്ലെങ്കിൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ നാമനിർദ്ദേശം ചെയ്യുന്നതിന് വ്യവസ്ഥയുൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. ഇപ്പോൾ അർബൻ സഹകരണ ബാങ്കുകളിലെ ഭരണസമിതികളിലേക്ക് ബാങ്കിംഗ്/

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പ്രത്യേക ക്ഷണിതാക്കളായി വിളിക്കുന്നതിന് പൊതുനിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലെയും ഭരണസമിതിയിലേക്ക് സഹകരണ രംഗത്തെ വിദഗ്ധരെ നാമനിർദ്ദേശം ചെയ്യുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഭരണസമിതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ, തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് സന്നദ്ധമാകുമോ?

(സി) സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംഘം പ്രസിഡന്റുമാർക്കും, ഭരണസമിതി അംഗങ്ങൾക്കും, സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലുള്ള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ - ഓപ്പറേറ്റീവ് മാനേജ്മെന്റ്, സംസ്ഥാന സഹകരണ യൂണിയൻ എന്നിവിടങ്ങളിൽ ആവശ്യമായ പരിശീലനം ഇപ്പോൾ നൽകുന്നുണ്ട്. കൂടാതെ ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്ക് റിസർവ്വ് ബാങ്കും, നബാർഡും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 273

06.07.2009- ൽ മറുപടിക്ക്

# കയർ മേഖലയുടെ സമഗ്ര വികസനത്തിനായി നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായമായ കയർ മേഖലയുടെ സമഗ്ര വികസനത്തിനായി യന്ത്രവൽക്കരണം, വൈവിദ്ധ്യവൽക്കരണം, സുശക്തമായ മാർക്കറ്റിംഗ് ശൃംഖല എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (എ) കയർമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**1. യന്ത്രവൽക്കരണം**<br>I. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല, കുടുംബശ്രീ, പി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 20.25 ലക്ഷം രൂപ ഗ്രാന്റായി നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. നിലവിലുളള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പ്രവർത്തിക്കാതെ കിടക്കുന്ന ഡീഫൈബറിംഗ് മില്ലുകൾ 3 മാസത്തിനകം പ്രവർത്തന സജ്ജമാക്കാൻ കയർ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.<br>II. 350 സംഘങ്ങളിലെ 14000-ത്തോളം തൊഴിലാളികൾക്ക് 3 വിവിധ ഇനം കയർ പിരിക്കുന്ന റാട്ടുകളിൽ പരിശീലനവും 7000 മോട്ടോറൈസ്ഡ് ട്രഡീഷണൽ റാട്ടുകളും നൽകിവരുന്നു.<br>III. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മൂന്നു മേഖലകളിൽ |

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഈ യന്ത്രങ്ങൾ വ്യാപകമായി സ്ഥാപിക്കുന്നതിന് പ്രോത്സാഹനവും, സഹായവും നൽകുന്നു. അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം ഈ വർഷം 25 സ്പിന്നിംഗ് മെഷീനും 6 വീവിംഗ് മെഷീനും നൽകുന്നതിലേയ്ക്കായി 293.65 ലക്ഷം രൂപ എൻ.സി.ആർ.എം.ഐ- യ്ക്ക് നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട വീവിംഗ് യന്ത്രങ്ങളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ N.C.R.M.I തയ്യാറാക്കി വരുന്നു. സുനാമി പദ്ധതിയിൻകീഴിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 223.80 ലക്ഷം രൂപയുടെ Project -കൾ ലഭിച്ചു. ഇതിൽ 184 ലക്ഷം രൂപ കേന്ദ്രവിഹിതമായും 29.85 ലക്ഷം രൂപ ബാങ്കിൽ നിന്നും ലഭിക്കുന്നതും 9.99 ലക്ഷം രൂപ ഉപഭോക്തൃ വിഹിതവുമാണ്.

iv. കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കേരളത്തിൽ തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഒരു വർഷത്തിനകം പ്രവർത്തനം ആരംഭിക്കും.

**II വൈവിദ്ധ്യവൽക്കരണം**

(1) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ മർസൂക്ക് കാർപ്പെറ്റ്, ഫൈബർ മാറ്റ്സ്, ഫെൻഡർ എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു.

(2) RIAB -ന്റെ സഹകരണത്തോടെ എൻ സി ആർ എം ഐ 16 വിവിധ ഇനം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത് നൽകിയ 10 എണ്ണം വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ RIAB-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(3) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ

ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പസിറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർ ഫെഡും സംയുക്തമായി കയർഫെ ഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈവിദ്ധ്യവൽക്കരണത്തിനാവശ്യമായ ഡിസൈൻസെന്റർ NID യുടെ സഹായത്തോടെ ഫോം മാറ്റിംഗ്സ് (ഇന്ത്യ) സ്ഥാപിച്ചിട്ടുണ്ട്.

### III. സുശക്തമായ മാർക്കറ്റിംഗ് സംവിധാനം

കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർഫെഡിന്റെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖാന്തിരം വിറ്റഴിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു വിൽപനശാലയെങ്കിലും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. 959 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും അവയിൽ 559 സംഘങ്ങളിലൂടെ വിൽപന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങളുടെ നഗരങ്ങളിലെ വിൽപന ശാലകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കയർ ഷോപ്പികളാക്കി മാറ്റി വരുന്നു. 2009-10 വർഷത്തെ പദ്ധതി പ്രകാരം കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, സ്വകാര്യ സംരംഭകർ, തുച്ഛരായ സ്വകാര്യ കയറ്റുമതിക്കാർ തുടങ്ങി എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി ആരംഭിക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനുപുറമെ ദേശീയ അന്തർദേശീയ വിൽപന മേളകളിൽ പങ്കെടുത്ത് മാർക്കറ്റിംഗ് ശക്തമാക്കുന്നതിനും ധനസഹായം നൽകി വരുന്നു.

കൂടാതെ കൈത്തറി കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യുവിന്റെ 2.5% പ്രോത്സാഹനമായി നൽകാൻ ഉത്തരവായിട്ടുണ്ട്. 2009-10 വർഷം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി (കൈത്തറി കയറ്റുമതി പദ്ധതി) നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രധാന നഗരങ്ങളിൽ ഉത്സവ കാലയളവുകളിൽ വിൽപ്പന മേളകൾ സംഘടിപ്പിച്ചു വരുന്നു. വിൽപന മേളകളിൽ പങ്കെടുക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് വിൽപനയുടെ 50% എക്സിബിഷൻ ഗ്രാന്റായും പുതിയ വിൽപന ശാലകൾ ആരംഭിക്കുന്നതിന് 50% പരമാവധി 1ലക്ഷം രൂപവരെ ഷോറൂം ഗ്രാന്റായും നൽകി വരുന്നു.

(ബി) ഈ മേഖലയുടെ മാന്ദ്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് കണ്ടെത്തിയത്; എന്തൊക്കെയാണ് ശുപാർശകൾ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കയർമേഖലയുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി ശ്രീ ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ചെയർമാനായി സർക്കാർ കയർ കമ്മീഷൻ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 10/10/08-ൽ സർക്കാരിനു റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. ആഗോള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സംസ്ഥാന സർക്കാർ CDS നെ ചുമതലപ്പെടുത്തി നടത്തിയ പഠനത്തിൽ കയർ കയറ്റുമതി 20% വരെ ഇടിവുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്.

**കയർ കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ**

- തൊണ്ട്, ചകിരി ദൗർലഭ്യം: സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിനനുസൃതമായി തൊണ്ട്, ചകിരി ലഭിക്കുന്നില്ല.
- കയർമേഖലയിലെ കുറഞ്ഞ കൂലിയും കുറഞ്ഞ ഉൽപ്പാദന ക്ഷമതയും ഈ മേഖലയെ അനാകർഷകമാക്കി.
- കയർ സഹകരണ സംഘങ്ങളിലെ അടിസ്ഥാന സൗകര്യ കുറവ്
- ശക്തമായ വിപണന സാദ്ധ്യതയുടെ അഭാവം

- കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം
- ആധുനികവൽക്കരണത്തിന്റെ അഭാവം, അനാകർഷകമായ തൊഴിൽ സാഹചര്യങ്ങൾ

**കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.**

- ❖ തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /തൊണ്ട് സംഭരണ സംഘങ്ങൾ /കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് /സബ്സിഡി നൽകുക.
- ❖ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
- ❖ സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുക. പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുക, സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം സർക്കാർ നൽകണം. കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.
- ❖ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക.
- ❖ വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.
- ❖ അനുപം ലൂം അനുഗ്രഹ ലൂം എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.
- ❖ റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക.
- ❖ കയർപിരി മേഖലയിലെ തൊഴിലാളി

കളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

❖ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.

❖ കയർതൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷുറൻസ് പരിരക്ഷ നൽകുക. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.

❖ റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുക.

❖ കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുക.

❖ കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്. കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.

❖ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

❖ ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.

❖ ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.

- ❖ ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ. കൾ എന്നിവയിൽ ഉൾപ്പെടുത്തുക.
- ❖ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
- ❖ കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രൊജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.
- ❖ വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുക.
- ❖ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ❖ കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക. വൈവിധ്യ വൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.
- ❖ കയർമേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുതിയ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കുക.
- ❖ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.
- ❖ കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക. കയർ കമ്മീഷൻ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.

| | |
|---|---|
| (സി) ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുവാനും ആരോഗ്യ പരിരക്ഷ, ക്ഷേമപ്രവർത്തനങ്ങൾ എന്നിവ സമയ ബന്ധിതമായി നടപ്പാക്കുവാനും സർക്കാർ എന്തു നടപടി സ്വീകരിച്ചു; പുതുതായി എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു ? | (സി) കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കൂലി കുറവുണ്ടായിരുന്ന ചില പ്രദേശങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. കയർ പിരി മേഖലയിൽ ഒരു തൊഴിലാളിക്ക് ദിവസം 100 രൂപാ കിട്ടണമെന്ന് ഉറപ്പു വരുത്തുന്ന രീതിയിൽ കൂലിയും കയറിന്റെ വിലയും വർദ്ധിപ്പിച്ചു നിശ്ചയിച്ചു. ഉല്പന്നമേഖലയിലെ കുറഞ്ഞ കൂലി ഉണ്ടായിരുന്ന പല ഇനങ്ങളുടെയും കൂലി ഗണ്യമായി വർദ്ധിപ്പിച്ചു. ചില ഇനങ്ങൾക്ക് 56% വരെ വർദ്ധനവ് അംഗീകരിച്ചു. ഇതോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ മുന്നിനം കയർ ഉല്പാദനം നടത്താനുതകുന്ന റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്കു നൽകുകയും പരിശീലനം നൽകുകയും ചെയ്തു. കൂടാതെ കൂടുതൽ ഉൽപ്പാദനം ലഭിക്കുന്ന സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടുതൽ സ്പിന്നിംഗ് മെഷീനുകളും, വിവിധയിനം കയർ പിരിക്കാൻ കഴിയുന്ന റാട്ടുകളും നൽകി ഉല്പാദനം വർദ്ധിപ്പിച്ച് അതിലൂടെ കൂടുതൽ വേതനവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ക്ഷേമ പ്രവർത്തനങ്ങളിൽ പ്രധാനമായിട്ടുള്ള കയർതൊഴിലാളി പെൻഷൻ 4/09 മുതൽ 250 രൂപയാക്കി വർദ്ധിപ്പിച്ചു. കുടിശ്ശിക കൊടുത്തുതീർത്തു. കൂടാതെ ക്ഷേമനിധി ബോർഡു വഴി നൽകി വന്നിരുന്ന എല്ലാ ആനുകൂല്യങ്ങളും മൂന്നിരട്ടിയിലധികമായി വർദ്ധിപ്പിച്ചു.<br><br>2009-10 വർഷം ക്ഷേമനിധിബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു വൃദ്ധ സദനം ആരംഭിക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍: 274   06.07.2009 ല്‍ മറുപടിയ്ക്ക്

**മത്സരപരീക്ഷകളില്‍ പങ്കെടുക്കുന്നതിന് പട്ടികജാതിക്കാര്‍ക്ക് പരിശീലനം**

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. വി.എന്‍.വാസവന്‍
ശ്രീ. പി. വിശ്വന്‍
ശ്രീമതി. കെ.കെ.ശൈലജ ടീച്ചര്‍
ശ്രീ. സി.കെ. സദാശിവന്‍

(എ) മത്സരപരീക്ഷകളില്‍ പങ്കെടുക്കുന്നതിന് പട്ടികജാതി യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മത്സരപരീക്ഷകള്‍ക്കാണ് പരിശീലനം നല്‍കുന്നത് ;

ഉത്തരം

ശ്രീ. എ.കെ. ബാലന്‍

(പട്ടികസമുദായക്ഷേമവും ഊര്‍ജ്ജവും വകുപ്പു മന്ത്രി)

(എ) യും (ബി) യും

പട്ടികജാതി യുവതീയുവാക്കളെ വിവിധ മത്സര പരീക്ഷകള്‍ക്ക് സജ്ജരാക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ കീഴില്‍ തിരുവനന്തപുരം, എറണാകുളം, പാലക്കാട് (കുഴല്‍മന്ദം), കോഴിക്കോട് എന്നീ ജില്ലകളില്‍ 4 പി.ഇ.റ്റി.സി.കള്‍ പ്രവര്‍ത്തിക്കുന്നുണ്ട്. പി.ഇ.റ്റി.സി.കളില്‍ പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് പ്രവേശനത്തിനുള്ള കുടുംബ വാര്‍ഷിക വരുമാന പരിധി 44,500/- രൂപയില്‍ നിന്നും 1,00,000/- രൂപയായി ഉയര്‍ത്തി സര്‍ക്കാര്‍ ഉത്തരവായിട്ടുണ്ട്.

സംസ്ഥാന പബ്ലിക് സര്‍വ്വീസ് കമ്മീഷന്‍, യൂണിയന്‍ പബ്ലിക് സര്‍വ്വീസ് കമ്മീഷന്‍, സ്റ്റാഫ് സെലക്ഷന്‍ ബോര്‍ഡ്, റയില്‍വെ റിക്രൂട്ട്മെന്റ് ബോര്‍ഡ്, ബാങ്കിംഗ് സര്‍വ്വീസ് റിക്രൂട്ട്മെന്റ് ബോര്‍ഡ് തുടങ്ങിയ വിവിധ നിയമന ഏജന്‍സികള്‍ നടത്തുന്ന വിവിധ തസ്തികകളിലേയ്ക്കുള്ള മത്സര പരീക്ഷ കളില്‍ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിന് പട്ടികജാതി യുവതീയുവാക്കളെ സജ്ജരാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രീ എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ പ്രവര്‍ത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിന് പുറമെ ഹ്രസ്വ/ദീര്‍ഘകാല കോഴ്സുകളായ ഡി.റ്റി.പി., ഡാറ്റാ എന്‍ട്രി തുടങ്ങിയ കമ്പ്യൂട്ടര്‍ കോഴ്സുകളും

സ്റ്റെനോഗ്രാഫി കോഴ്സും നടത്തുന്നു. മുൻസിഫ്/ മജിസ്ട്രേറ്റ് പരീക്ഷ, മെഡിക്കൽ, എഞ്ചിനീയറിംഗ്, എൽ.എൽ.ബി എൻട്രൻസ് പരീക്ഷകൾക്ക് പങ്കെടുക്കുന്നവർക്കും പരിശീലനം നൽകി വരുന്നു. കൂടാതെ സിവിൽ സർവ്വീസ് പരീക്ഷയ്ക്കു പരിശീലനം നൽകുവാൻ തിരുവനന്തപുരത്ത് പി.റ്റി.പി. നഗറിൽ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി' (ഐ.സി.എസ്.ഇ.റ്റി.എസ്) പ്രവർത്തിക്കുന്നു. പ്രവേശന പരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഓരോ വർഷവും പരമാവധി 30 കുട്ടികൾക്ക് ഇവിടെ പരിശീലനം നൽകുന്നു. ഇതിൽ 50% പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കും 30% പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 10% സമീപ സംസ്ഥാനങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 10% ഇതരജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുമായി പ്രവേശനം നൽകി വരുന്നു. ഇതു കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്കു തയ്യാറാകാനുള്ള പ്രത്യേക പരിശീലന പരിപാടിയും നടപ്പാക്കിയിട്ടുണ്ട്.

(സി) പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്.

സമഗ്രമായ ട്രെയിനിംഗ് കലണ്ടറിന്റെ അഭാവം, വിവിധ ജില്ലകളിൽ നിന്നും എത്തുന്നവർക്ക് താമസസൗകര്യം ഇല്ലായ്മ എന്നിവയാണ് പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിന് ഇടയാക്കിയത്. ആയത് 2008-2009 വർഷം പൂർണ്ണമായിട്ടല്ലെങ്കിലും കാര്യമായി പരിഹാരം കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതിനാൽ മുൻ വർഷങ്ങളിലേക്കാൾ കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

സമഗ്രമായ ഒരു ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കി വർഷാരംഭത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടി മുൻകൂറായി തന്നെ പ്രസിദ്ധീകരിക്കുമെന്നതിനാൽ യഥാസമയംതന്നെ അപേക്ഷ സമർപ്പിക്കുന്നതിന് കഴിയും.

(ഡി) വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് വിവിധ ഇനങ്ങളിൽ ഇപ്പോൾ ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കുമോ; പോക്കറ്റ് മണി ഇനത്തിൽ നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പി.ഇ.റ്റി.സികളിലെ ഡേ സ്കോളേഴ്സിന് പ്രതിമാസം 400/- രൂപാ നിരക്കിലും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 600/- രൂപ നിരക്കിലും പ്രതിമാസ സ്റ്റൈപ്പന്റ് നൽകി വരുന്നു. ഐ.സി.എസ്.ഇ.റ്റി.എസ്. ൽ കുട്ടികൾക്ക് സൗജന്യ താമസ സൗകര്യവും പ്രതിമാസം 900/- രൂപ മെസ് അലവൻസ്, 250/- രൂപ പോക്കറ്റ് മണിയും, ഡേസ്കോളേഴ്സിന് പ്രതിമാസം 500/- രൂപ സ്റ്റൈപ്പന്റും നൽകി വരുന്നു. അതിനു പുറമെ ഓരോ ട്രെയിനിയ്ക്കും 2000/- രൂപ (ഒറ്റത്തവണ) പുസ്തക അലവൻസും നൽകി വരുന്നു. നിലവിൽ നൽകി വരുന്ന പോക്കറ്റ്മണിയും (പ്രതിമാസം 250/- രൂപ) മെസ് അലവൻസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പരിശീലന പരിപാടികളിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുമോ ?

(ഇ) പത്രമാധ്യമങ്ങൾ വഴിയും, റേഡിയോ വഴിയും, എസ്.സി. പ്രൊമോട്ടർമാർ വഴിയും സമഗ്രമായ ട്രെയിനിംഗ് കലണ്ടർ പ്രസിദ്ധപ്പെടുത്തിയും പ്രചാരണം നടത്തി കൂടുതൽ കുട്ടികളെ പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് നൽകിയിട്ടുണ്ട്. മാത്രമല്ല ഓരോ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റേയും സബ്സെന്റർ പ്രധാന നഗരങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 275 — 06-07-09 -ൽ മറുപടിക്ക്.

## അബ്കാരി ആക്റ്റ് പരിഷ്ക്കരിക്കുന്നതിന് നടപടി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>" അൽഫോൺസ് കണ്ണന്താനം<br>" വി. ചെന്താമരാക്ഷൻ<br>" സി.എം. ദിനേശ് മണി<br>" സാജു പോൾ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അബ്കാരി ആക്റ്റിലും ബന്ധപ്പെട്ട നിയമങ്ങളിലും കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) അബ്കാരി ആക്റ്റിലും ബന്ധപ്പെട്ട നിയമങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി, 26-11-07-ലെ സർക്കാർ ഉത്തരവ് നമ്പർ 234/07/റ്റിഡി. പ്രകാരം, ശ്രീമതി ജെ. ലളിതാംബിക ഐ.എ.എസ്. (റിട്ട.)-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | (ബി) പ്രസ്തുത കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കമ്മിറ്റി സമർപ്പിച്ച രണ്ട് ഇടക്കാല റിപ്പോർട്ടുകളിലുള്ള ശുപാർകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) അബ്കാരി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിനുമായി നൂറു വർഷത്തിൽ കൂടുതൽ പഴക്കമുള്ള അബ്കാരി ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അബ്കാരി ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. |

[signature]
സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 276 06.07.2009-ലെ മറുപടിയ്ക്ക്

## ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ മരുന്നുകളുടെ ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ശശീന്ദ്രൻ : | ശ്രീ.പി.കെ.ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ജീവൻ രക്ഷാ മരുന്നുകൾക്ക് കടുത്ത ക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) രോഗികൾക്ക് പുറത്തുനിന്നും വാങ്ങുന്ന മരുന്നിന്റെ തുക തിരിച്ചു നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 2002-2003 മുതലുള്ള ബില്ലുകൾ പെൻറിംഗ് ആയി ഉണ്ടായിരുന്നു. 1000/- രൂപയ്ക്ക് താഴെയുള്ള ക്ലെയിമുകൾ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ പാസ്സാക്കുന്നു. 2000/- രൂപ വരെയുള്ള ക്ലെയിമുകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും, 5000/- രൂപ വരെയുള്ളവ ഡയറക്ടറും പാസ്സാക്കുന്നു. 5000/- രൂപയ്ക്ക് മുകളിലുള്ളവ തൊഴിൽ വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പാസ്സാക്കി നൽകുകയാണ് ചെയ്തിരുന്നത്.<br><br>മേൽപ്പറഞ്ഞ ഓഫീസുകളിൽ പരിശോധിക്കുമ്പോൾ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ക്ലെയിമുകൾ ഡിസ്പെൻസറികളിലേയ്ക്ക് വീണ്ടും മടക്കി അയയ്ക്കേണ്ടതായി വരുന്നത് വീണ്ടും കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. |

ഇപ്രകാരം സാംഗ്ഷൻ ചെയ്യുന്ന ക്ലെയിമു കൾ ഇ.എസ്.ഐ.കോർപ്പറേഷൻെറ തൃശ്ശൂരുള്ള സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറുടെ കാര്യാലയത്തിൽ അയയ്ക്കുകയും, അവിടത്തെ പരിശോധനയ്ക്ക് ശേഷം പാസ്സാക്കുന്ന ക്ലെയിമുകൾക്കുള്ള ഡി.ഡി.കൾ ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുകയും, ഡയറക്ടറേറ്റിൽ നിന്ന് വിവിധ ഡിസ്പെൻസറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നതാണ് നിലവിലുണ്ടായിരുന്ന നടപടിക്രമം.

ഇപ്രകാരം വിവിധ ഓഫീസ് തലങ്ങളിൽ പരി ശോധിക്കപ്പെടുകയും, കണ്ടെത്തുന്ന അപാകതകൾ നികത്തുവാൻ തിരിച്ചയയ്ക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന സ്വാഭാവിക കാലതാമസം കാരണമാണ് രോഗികൾക്ക് പുറത്തുനിന്നും വാങ്ങുന്ന മരുന്നി ൻെറ തുക തിരികെ നല്കുന്നതിൽ കാലതാമസമുണ്ടാ കുന്നത്. എന്നാൽ ഇപ്പോൾ 5,000/- രൂപയ്ക്ക് മുകളി ലുള്ള ക്ലെയിമുകൾ സർക്കാരിൽ അയച്ച് അനുമതി വാങ്ങുന്ന രീതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സർക്കാരിൽ നിക്ഷിപ്തമായിരുന്ന ഈ അധികാരം ഡയറക്ടർക്കും, റീജിയണൽ ഡയറക്ടർമാർക്കും നൽ കിയിട്ടുണ്ട്. ഈ നടപടി കാലതാമസം ഗണ്യമായി കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. കെട്ടിക്കിടന്നിരുന്ന ക്ലെയിമുകൾ ഭൂരിഭാഗവും തീർപ്പാക്കാനും കഴി ഞ്ഞിട്ടുണ്ട്.

ഇൻഷ്വർ ചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കഴിഞ്ഞ 2 വർഷങ്ങളിൽ ഉണ്ടായ വർ ദ്ധനവ് റീഇംബേഴ്സ്മെൻറ് ക്ലയിമുകളുടെ വർദ്ധന വിന് കാരണമായിട്ടുണ്ട്.

Sd/-

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 277

6.7.2009-ൽ മറുപടിയ്ക്ക്

**"മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പുരോഗതി"**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. പി.കൃഷ്ണപ്രസാദ്:<br>ശ്രീ. പി.ജയരാജൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ: | ശ്രീ. ജി. സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും<br>കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിനുശേഷം ക്ഷേത്രങ്ങളുടെ ഭരണത്തിൽ എന്തെല്ലാം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിനുശേഷം ക്ഷേത്രങ്ങളുടെ പുരോഗതിക്കും ക്ഷേത്ര ഭരണം കാര്യക്ഷമമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>1) ക്ഷേത്രജീവനക്കാരുടെ ശമ്പളം ന്യായമായി പരിഷ്ക്കരിച്ച് ഉത്തരവായി.<br>2) കോലധാരികൾ, ആചാരസ്ഥാനികർ എന്നിവരുടെ ജീവിത സാഹചര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം മലബാർ ദേവസ്വം ബോർഡ് ഏകാംഗ കമ്മീഷനെ നിയമിച്ചു.<br>3) ക്ഷേത്രങ്ങളിലെ താല്ക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചു വരുന്നു.<br>4) ക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റായി 2008-2009-ൽ ആദ്യം ഒരു കോടി രൂപയും (16.2.2009-ൽ) രണ്ടാമത് |

75ലക്ഷം രൂപയും (19.6.2009-ൽ) വിതരണം ചെയ്തു.

5) ആചാരസ്ഥാനികരുടെ 31.3.2006വരെയുള്ള വേതന കുടിശ്ശിക വിതരണം ചെയ്തുകഴിഞ്ഞു.

6) വിവിധ ക്ഷേത്രങ്ങളുടെ മരാമത്ത് പണികൾ നടത്തുന്നതിന് അനുമതി നൽകി.

7) കാലാവധി കഴിഞ്ഞ ട്രസ്റ്റി ബോർഡുകൾ പുന:സംഘടിപ്പിച്ചുവരുന്നു.

8) കാലാവധി കഴിഞ്ഞ ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിച്ചു.

9) ക്ഷേത്രങ്ങളുടേതടക്കം വർഷങ്ങളായി തീർപ്പാക്കാതിരുന്ന നിരവധി ഫയലുകൾ മലബാർ ദേവസ്വം ബോർഡ് അദാലത്ത് നടത്തി തീർപ്പുകൽപ്പിച്ചു.

10) ക്ഷേത്രങ്ങളുടെ വാർഷിക ബഡ്ജറ്റ് അംഗീകരിക്കൽ, വഴിപാട് പട്ടിക, ദിത്തരം എന്നിവ പുതുക്കുന്ന നടപടി ബോർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

| | |
|---|---|
| (ബി)ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ഗ്രാന്റായി എത്ര രൂപ വിതരണം ചെയ്തു; | (ബി) 2008-2009 സാമ്പത്തിക വർഷത്തിൽ ജീർണ്ണോദ്ധാരണ ഗ്രാന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ 82,50,000/- രൂപ ഉൾപ്പെടെ ഒരു കോടി രൂപ 16.2.2009-ലും, സപ്ലിമെന്ററി ഗ്രാന്റ് വഴി അനുവദിച്ച 75 ലക്ഷം രൂപ 19.6.2009-ലും വിവിധ ക്ഷേത്രങ്ങൾക്ക് വിതരണം ചെയ്തു. |
| (സി) ഈ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പരിശോധിച്ചുവരുന്നതാണ്. |
| (ഡി) ക്ഷേത്രജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ പ്രതിവർഷം എത്രലക്ഷം രൂപ സർക്കാരിന് അധിക ചെലവ് ഉണ്ടാകുന്നു എന്ന് അറിയിക്കുമോ ; | (ഡി) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രഭരണാധികാരികൾ മുഴുവൻ ക്ഷേത്ര ജീവനക്കാരുടെയും ശമ്പളം നിർണ്ണയിച്ചതിനുശേഷം മാത്രമേ |

| | |
|---|---|
| | അധികച്ചെലവ് എത്രമാത്രം ഉണ്ടാകുമെന്ന് കൃത്യമായി കണക്കാക്കാൻ കഴിയൂ. മലബാർ ദേവസ്വം ബോർഡിന്റെ 2009-2010 ബഡ്ജറ്റിൽ ഇക്കാര്യം കൂടി കണക്കിലെടുത്ത് മാനേജ്മെന്റ് ഫണ്ടിൽ 17കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 12കോടിയോളം രൂപ സർക്കാരിന് അധിക ബാധ്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) മലബാർ ദേവസ്വം ബോർഡിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ)മലബാർ ദേവസ്വം ബോർഡിന് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്. ഈ ആവശ്യത്തിനായി ബോർഡിന്റെ 2009-2010 വർഷത്തെ ബഡ്ജറ്റിൽ 12കോടി രൂപ വകയിരുത്തിയിട്ടുണ്ട് |

Sulabhasan

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 278** **06.7.2009-ൽ മറുപടിയ്ക്ക്**

### അടഞ്ഞുകിടന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ. എ.എം.യൂസഫ് : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അടഞ്ഞുകിടന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വഴിയൊരുക്കുന്നതിനായി പല ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തോട്ടം നികുതി, കാർഷികാദായ നികുതി എന്നിവ ഒഴിവാക്കുകയും തേയില ഫാക്ടറികൾക്ക് വൈദ്യുത ചാർജ്ജിൽ മിനിമം ഡിമാൻറ് ചാർജ് ഒഴിവാക്കി ഉപയോഗിച്ചതിനു മാത്രം ചാർജ്ജ് ചുമത്താൻ തീരുമാനിക്കുകയും ആയത് തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകുകയും ചെയ്തു. കൂടാതെ തോട്ടങ്ങളുടെ നിലവിലുള്ള ബാങ്ക് വായ്പ കുടിശ്ശിക, ഇ.പി.എഫ് കുടിശ്ശിക, പലിശ എന്നിവ ഇളവ് ചെയ്യുന്നതിനും തേയിലത്തോട്ടങ്ങൾ, ഫാക്ടറികൾ എന്നിവ നവീകരിക്കുന്നതിനുമായി പുനരുദ്ധാരണ പാക്കേജും കേന്ദ്ര സർക്കാരിന് നൽകുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി റ്റീ ബോർഡു വഴി |

പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ എത്ര തോട്ടങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു ;

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ 22 തോട്ടങ്ങൾ അടഞ്ഞുകിടന്നിരുന്നു.

(സി) അടഞ്ഞുകിടന്ന തേയിലത്തോട്ടങ്ങൾ തുറക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ 'തോട്ടം പുനരുദ്ധാരണ പാക്കേജ്' കേന്ദ്ര സർക്കാർ പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി റ്റീ ബോർഡ് വഴി സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ബാങ്ക് വായ്പകൾ പുന:ക്രമീകരിക്കുക, റ്റീ ബോർഡ് അനുവദിച്ചിട്ടുള്ള വായ്പകൾ തിരിച്ചടക്കുന്നത് ഒഴിവാക്കി കൊടുക്കുക, തൊഴിലാളി പ്രോവിഡൻറ് ഫണ്ട് കുടിശ്ശികയിൻമേലുള്ള ഡാമേജിന് 5 വർഷത്തെ മൊറട്ടോറിയം അനുവദിക്കുക, റീപ്ലാൻറ് ചെയ്യുന്നതിനും ഫാക്ടറികൾ നവീകരിക്കുന്നതിനും "സ്പെഷ്യൽ പർപ്പസ് റ്റീ ഫണ്ട് " പദ്ധതിപ്രകാരം ധനസഹായം നൽകുക. ഉൽപ്പാദന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സബ്സിഡിയോടുകൂടി ധനസഹായം അനുവദിക്കുക, 3% പലിശ സബ്സിഡിയോടുകൂടി ക്യാപ്പിറ്റൽ ലോണുകൾ 5 വർഷ കാലയളവിലേക്ക് അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റ്റീ ബോർഡ് വഴി മാനേജ്മെന്റുകൾക്ക് നേരിട്ടാണ് ഈ പാക്കേജ് വഴിയുള്ള സഹായം അനുവദിക്കുന്നത്.

(ഡി) ഇപ്പോഴും അടഞ്ഞുകിടക്കുന്ന തേയിലത്തോട്ടങ്ങൾ ഏതെല്ലാമാണ് ; ഇവ തുറക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ ;

(ഡി) ഇപ്പോൾ അടഞ്ഞുകിടക്കുന്ന തേയിലതോട്ടങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1) പീരുമേട് എസ്റ്റേറ്റ്, ഉപ്പുതറ
2) ലോൺട്രി എസ്റ്റേറ്റ്, ഉപ്പുതറ
3)തങ്കമല എസ്റ്റേറ്റ് , വണ്ടിപ്പെരിയാർ
4)മൗണ്ട് എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ
5)കോഴിക്കാനം എസ്റ്റേറ്റ്, ഏലപ്പാറ

തോട്ടങ്ങൾ തുറക്കുന്നതിനായി തോട്ടമുടമകൾക്ക് സർക്കാരിന്റെ ഭാഗത്തു നിന്നും വിവിധ ആനുകൂല്യങ്ങളും ഇളവുകളും പൊതുവായി അനുവദിച്ചിട്ടുണ്ട്. ടി തോട്ടങ്ങൾ തുറക്കുന്നതിനായി അനുരഞ്ജന ചർച്ചകൾ നട ത്തിവരുന്നു.

(ഇ) ഇവിടത്തെ തൊഴിലാളികൾക്കായി ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളിക ൾക്ക് സർക്കാർ താഴെ പറയുന്ന വിവിധങ്ങളായ ആശ്വാസപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1) തൊഴിലാളി കുടുംബങ്ങൾക്ക് ആഴ്ചയിൽ 5 കിലോ അരി വീതം സൗജന്യ റേഷൻ.
2) ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം.
3) ലയങ്ങളിലേക്ക് കുടിവെള്ളം, വൈദ്യുതി.
4)ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധന സഹായം.
5)ആരോഗ്യ പരിപാലനം
6)ഒന്നു മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളു ടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം.
7)ഉന്നത വിദ്യാഭ്യാസ ധനസഹായം
8)മാരകരോഗം ബാധിച്ച തോട്ടം തൊഴിലാളി കൾക്ക് ധനസഹായം.
9)മരണാനന്തര ധനസഹായം.
10)തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം.

മേൽ പറഞ്ഞ ആശ്വാസ പ്രവർത്ത നങ്ങൾ കൂടാതെ 2007 ലെ തോട്ടം തൊഴിലാളി ക്ഷേമഫണ്ട് സ്കീം പ്രകാരം തോട്ടം മേഖലയിൽ പ്രകൃതി ക്ഷോഭം, പകർച്ച വ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000 /- രൂപ വീതം ധനസ ഹായം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 279

06.07.2009 - ൽ മറുപടിയ്ക്ക്

## സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം.മോനായി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി.എം.ദിനേശ്മണി<br>ശ്രീ. കെ.ടി. ജലീൽ<br>പ്രൊ: സി. രവീന്ദ്രനാഥ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്)കീഴിൽ പ്രവർത്തിക്കുന്ന<br>1. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി.<br>2. കോളേജ് ഓഫ് എൻജിനീയറിംഗ്, പെരുമൺ, കൊല്ലം<br>3. കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ,<br>4. കോളേജ് ഓഫ് എൻജിനീയറിംഗ് കിടങ്ങൂർ, കോട്ടയം,<br>5. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വടകര, കോഴിക്കോട്.<br>6. കോളേജ് ഓഫ് എൻജിനീയറിംഗ്, തലശ്ശേരി, കണ്ണൂർ<br>7.കോളേജ് ഓഫ് എൻജിനീയറിംഗ്, തൃക്കരിപ്പൂർ, കാസറഗോഡ് |

8. സ്കൂൾ ഓഫ് നഴ്സിംഗ്, കൊച്ചി.

കണ്ണൂർ ജില്ലയിലെ പരിയാരത്തെ കേരള കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ് വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് എന്ന സഹകരണ സ്ഥാപനത്തിന്റെ കീഴിലുള്ള അക്കാഡമി ഓഫ് മെഡിക്കൽ സയൻസസിന്റെ നിയന്ത്രണത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

9. പരിയാരം മെഡിക്കൽ കോളേജ്

10. പരിയാരം ഡെന്റൽ കോളേജ്

11. കോളേജ് ഓഫ് നഴ്സിംഗ് , പരിയാരം

12. അക്കാഡമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, പരിയാരം

13. സ്കൂൾ ഓഫ് നഴ്സിംഗ്, പരിയാരം

കേരള കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ ഫെഡറേഷന്റെ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

14. കോളേജ് ഓഫ് നഴ്സിംഗ്, തലശ്ശേരി, കണ്ണൂർ

15. കോളേജ് ഓഫ് ഫിസിയോ തെറാപ്പി തലശ്ശേരി, കണ്ണൂർ

താഴെ പറയുന്ന സഹകരണസ്ഥാപനങ്ങൾ നഴ്സിംഗ് കോഴ്സുകൾ നടത്തി വരുന്നു.

16. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി, കൊച്ചി.

17. കുത്താട്ടുകുളം സഹകരണ ആശുപത്രി, എറണാകുളം

18. പി.എം.എസ്.എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി, മലപ്പുറം.

19. ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ & റിസർച്ച് സെന്റർ, പെരിന്തൽമണ്ണ, മലപ്പുറം.

20. ഇടുക്കി ജില്ലാ സഹകരണ ആശുപത്രി

21. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി

22. ഇരിങ്ങാലക്കുട സഹകരണ ആശുപത്രി

23. കണ്ണൂർ എ.കെ.ജി സ്മാരക സഹകരണ സ്കൂൾ ഓഫ് നഴ്സിംഗ്

24. കൂടാതെ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ).
(2009-2010-ൽ എം.ബി.എ കോഴ്സ് ആരംഭിക്കുന്നു.)
കൂടാതെ ഏഴ് സഹകരണസ്ഥാപനങ്ങൾ, വിവിധ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളും നിലവിലുള്ള നാല് സഹകരണ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഈ വർഷം പുതുതായി പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) | ഉണ്ട്. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഈ വർഷം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രൊഫഷണൽ കോളേജുകൾ താഴെ പറയുന്നു.<br>1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, പുന്നപ്ര<br>2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), പുന്നപ്ര<br>3. കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി |
| (സി) | നിലവിലുള്ള കോളേജുകളിൽ കൂടുതൽ കോഴ്സുകളിൽ ആരഅഭിക്കുമോ; | (സി) | നിലവിലുള്ള കോളേജുകളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കു ന്നതാണ്.<br>കേപ്പിന്റെ കീഴിലുള്ള കോളേജുകളിൽ 2009-2010 വർഷം സിവിൽ, ബയോടെക് |

നോളജി , ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നീ ബ്രാഞ്ചുകളിൽ 240 സീറ്റുകൾ കൂടി എ.ഐ.സി.റ്റി.ഇ അനുവദിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി അംഗീകാരം കിട്ടിയാൽ ഈ വർഷം തന്നെ ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതാണ്.

കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള അക്കാഡമി ഓഫ് മെഡിക്കൽ സയൻസസിൽ മെഡിക്കൽ പി.ജി, ഡിഗ്രി/ഡിപ്ലോമ, എം.ഫാം, എം.എസ്.സി നഴ്സിംഗ്, എം.എസ്.സി- എം.എൽ.റ്റി,മൈക്രോബയോളജി, ബയോകെമിസ്ട്രി, ഫിസിയോളജി, അനാട്ടമി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 280

6.7.2009-ൽ മറുപടിയ്ക്ക്

**"ശബരിമലയിലെ ക്രമീകരണങ്ങൾ"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീ. ജി. സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും<br>കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) അടുത്ത ശബരിമല തീർത്ഥാടന കാലത്ത് ശബരിമലയിൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) ശബരിമല തീർത്ഥാടകർക്ക് മുൻവർഷ ങ്ങളെക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമ ക്കുന്നതിനായി ബഹുമാനപ്പെട്ട ദേവസ്വ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.6.2009-ന് എല്ലാ വകുപ്പ് തലവന്മാരെയും ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കുകയും പോലീസ് വകുപ്പ്, പൊതുമരാമത്ത്, ആരോ ഗ്യം, കെ.എസ്.ആർ.ടി.സി., ജലവിഭവം, ദേവസ്വം ബോർഡ്, വനം വകുപ്പ്, വിവിധ ജില്ലാ കളക്ടർമാർ എന്നിങ്ങനെ എല്ലാ പ്രധാന വകുപ്പുകളുടെയും ക്രമീകരണങ്ങൾ അവലോ കനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽ കുകയും ചെയ്തിട്ടുണ്ട്. സുരക്ഷ ശക്തമാക്കു ന്നത് സംബന്ധിച്ച് പഠിക്കുവാനായി 4ഐ.ജി. മാരടങ്ങുന്ന ഒരു ടീം 2.7.2009-ൽ ശബരിമല സന്ദർശിച്ചു. നീലിമല, അപ്പാച്ചിമേട് എന്നിവി ടങ്ങളിൽ 2 കാർഡിയോളജി സെന്ററുകൾക്ക് |

സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തി യായി വരുന്നു. അപ്പാച്ചിമേടിനു മുമ്പ് ഒരു വിശ്രമ കേന്ദ്രവും പൂർത്തിയായി വരുന്നു. ശബരിമല ഉത്സവനടത്തിപ്പിനുവേണ്ടി മാത്രം ഒരു ഉത്സവ ബഡ്ജറ്റ് തയ്യാറാക്കുവാൻ ചീഫ് കമ്മിഷണർ മുൻകൈയെടുത്ത് നടപടി സ്വീക രിച്ചിട്ടുണ്ട്. സന്നിധാനത്ത് 320 ടോയ്ലെറ്റ് ബ്ലോക്കുകൾ, പമ്പയിൽ 160 ടോയ്ലെറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 3 പ്രധാന കെട്ടിട ബ്ലോക്കുകൾ എന്നിവയുടെ പണികൾ ദ്രുത ഗതിയിൽ നടന്നുവരുന്നു. കൂടാതെ ശബരിമ ലയിലും പമ്പയിലും താമസസൗകര്യം വിപുല പ്പെടുത്തുന്നതിനും, കുടിവെള്ള സംഭരണി കൾ വയ്ക്കുന്നതിനും, ഗാർബേജ് കമ്പോസ്റ്റിംഗ് ഷെഡുകൾ പണിയുന്നതിനും സ്വാമി അയ്യ പ്പൻ റോഡ് വീതി കൂട്ടുന്നതിനും, ചന്ദ്രാനന്ദൻ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. കടകളുടെ എണ്ണം 20% കുറയ്ക്കാൻ ഇത്തവണ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടോയ്ലെറ്റുക ളുടെ ശുചിത്വം ഉറപ്പാക്കി നല്ല രീതിയിൽ പ്രവ ർത്തിപ്പിക്കാൻ സുലഭ് ഇന്റർനാഷണൽ എന്ന സംഘടനയെ ബോർഡ് സമീപിച്ചിട്ടുണ്ട്. അര വണ വിതരണം സുഗമമാക്കാൻ ധനലക്ഷ്മി ബാങ്കുവഴി കൂപ്പണുകൾ വിതരണം ചെയ്യു വാനും സാധനങ്ങളുടെ ഗുണനിലവാരമുറപ്പാ ക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡു പണികൾ യഥാസമയം പൂർത്തിയാ ക്കുവാനും, എല്ലാ റോഡുകളിലും ദിശാ സൂചി കകളും മാർഗ്ഗനിർദ്ദേശങ്ങളും വയ്ക്കുവാനും നടപടികൾ സ്വീകരിക്കുവാൻ പൊതുമരാ മത്തു വകുപ്പിനോട് യോഗത്തിൽ നിർദ്ദേശിച്ചി ട്ടുണ്ട്. മാലിന്യ ട്രീറ്റ്മെന്റ് നടത്തി നദീജല ശുചീകരണം നടത്തുവാനുള്ള നിർദ്ദേശങ്ങൾ, മറ്റു ജില്ലാതല ക്രമീകരണങ്ങൾക്കുള്ള നിർദേ

ശങ്ങൾ എന്നിവയും ബഹുമാനപ്പെട്ട ദേവസ്വം മന്ത്രിയുടെ യോഗത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ മാസ്റ്റർപ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) ചെയർമാനായുള്ള ഉന്നതാധികാര സമിതിയുടെ കീഴിൽ പുരോഗമിച്ചു വരുന്നു.

(ബി) തീവ്രപരിചരണ വിഭാഗത്തോടു കൂടിയ കാർഡിയോളജി സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

(ബി) അപ്പാച്ചിമേട്ടിലും നീലിമലയിലും ഓരോ കാർഡിയോളജി സെന്ററുകളുടെ പണി പൂർത്തിയായി വരുന്നു. ഏകദേശം 85%ത്തോളം പണികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും മുൻകൂട്ടി പൂർത്തിയാക്കുമോ;

(സി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ ഹെവി മെയിന്റനൻസ് പണികൾക്കായി 28കോടി രൂപയുടെ ഭരണാനുമതി സർക്കാർ പൊതുമരാമത്ത് വകുപ്പ് മുഖേന നൽകി കഴിഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള റോഡുകളുടെയും പാതകളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും തീർത്ഥാടനകാലത്തിനു മുമ്പ് ബോർഡ് പൂർത്തീകരിക്കുന്നതാണ്. അനുബന്ധ റോഡുകൾക്കുള്ള അറ്റകുറ്റപ്പണികൾക്കായി 42കോടി രൂപ അനുവദിക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരുന്നു.

(ഡി) ശബരിമല മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ശബരിമല മേഖല ഇപ്പോൾ തന്നെ പ്ലാസ്റ്റിക് വിമുക്ത മേഖലയാണ്. എന്നിരുന്നാലും അയ്യപ്പഭക്തർ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികളും മറ്റും നീക്കുന്ന ചുമതല ചെന്നൈയിലുള്ള ഒരു സ്ഥാപനം ഏറ്റെടുത്തിട്ടുള്ളതായും പ്രസ്തുത സ്ഥാപനം പ്ലാസ്റ്റിക് കുപ്പികൾ മുതലായവ ശേഖരിച്ച് നീക്കം ചെയ്തു വരുന്നതായും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ഇ) അരവണ നിവേദ്യം ലഭിക്കുന്നതിലെ ബുദ്ധിമുട്ട് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഇ) അരവണ വിതരണം കാര്യക്ഷമമാക്കാൻ പ്രസാദ കൂപ്പണുകൾ ധനലക്ഷ്മി ബാങ്കിന്റെ വിവിധ കൗണ്ടറുകൾ വഴി ബോർഡ് വിതരണം നടത്തുന്നതാണ്. അരവണ പാക്കിംഗിന് ആവശ്യമായ കമ്പോസിറ്റ് കാനുകളുടെയും ലിഡുകളു

ടെയും ലഭ്യതയ്ക്ക് ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(എഫ്) ശബരിമലയിൽ അപ്പാച്ചിമേട്ടിലും നിലിമലയിലും ഓരോ കാർഡിയോളജി സെന്ററുകളുടെ പണി ത്വരിതഗതിയിൽ പൂർത്തിയായി വരുന്നു. ശബരിമല മാസ്റ്റർപ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി ലേ ഔട്ട് പ്ലാൻ തയ്യാറാക്കുവാനും. ക്യൂ കോംപ്ലക്സിന്റെ ഡിസൈൻ തയ്യാറാക്കുവാനും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പരസ്യം നൽകി ക്ഷണിച്ചിട്ടുണ്ട്. സ്വാമി അയ്യപ്പൻ റോഡിന്റെ വിപുലീകരണത്തിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു. ശബരിമലയിൽ 320 ടോയ്ലെറ്റ് ബ്ലോക്കുകളുടെയും, പമ്പയിൽ 160 ടോയ്ലെറ്റ് ബ്ലോക്കുകളുടെയും, നിലയ്ക്കലിൽ 3 പ്രധാന ബിൽഡിംഗ് ബ്ലോക്കുകളുടെയും പണികൾ പുരോഗമിച്ചുവരുന്നു. പമ്പ മുതൽ ശബരിമലവരെയുള്ള പരമ്പരാഗത പാതയുടെ വശങ്ങളിൽ വിശ്രമ സങ്കേതങ്ങളുടെയും ടോയ് ലറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ശബരിമലയിലും പമ്പയിലും താമസസൗകര്യം വിപുലപ്പെടുത്തുന്നതിനും പാണ്ടിത്താവളത്ത് 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 കുടിവെള്ള സംഭരണികൾ. പഴയ പിൽഗ്രിം ഷെൽട്ടർ പൊളിച്ചുമാറ്റി താമസ സൗകര്യത്തിനായി കെട്ടിട സമുച്ചയം, ഗാർബേജ് കമ്പോസ്റ്റിംഗ് ഷെഡ്ഡുകൾ മുതലായ പ്രവർത്തികൾക്ക് ദേവസ്വം ബോർഡ് ഭരണാനുമതി നൽകിയിട്ടുള്ളതായും കമ്മിഷണർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

*** നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 281** — **06.07.2009-ൽ മറുപടിക്ക്**

**തൊഴിലാളികളുടെ മിനിമം കൂലി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ബാബു പോൾ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഇനി മിനിമം കൂലി നിശ്ചയിക്കാനുള്ളത്; ഈ വിഭാഗങ്ങൾക്ക് മിനിമം കൂലി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഏതു വരെയായി;

(എ) 1948 ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിൽ താഴെ ചേർത്തിട്ടുള്ള 40 വിഭാഗങ്ങളിലാണ് ഇനി മിനിമം വേതനം നിശ്ചയിക്കുവാനുള്ളത്.

1. ബാഗ് വ്യവസായം
2. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
3. ഇലക്ട്രിക് എക്യുപ്‌മെന്റ്സ്, ഹോം അപ്ലയൻസസ് & ഓപ്പറേഷൻ ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം
4. ഡയമണ്ട് കട്ടിംഗ് & പോളിഷിംഗ്
5. പെട്രോൾ പമ്പ്
6. വീട്ടുജോലി
7. ആഭരണ നിർമ്മാണം
8. സ്റ്റാർ ഹോട്ടൽസ്
9. സോപ്പ് നിർമ്മാണം
10. സെക്യൂരിറ്റി സർവീസ്
11. ഹാൻഡി ക്രാഫ്റ്റ്
12. സിനിമ, ടെലിഫിലിം നിർമ്മാണം
13. പ്ലാസ്റ്റിക് വ്യവസായം
14. പ്രൈവറ്റ് ടെമ്പിൾസ്
15. ഗാർമെന്റ് വ്യവസായം
16. മാർബിൾ ആന്റ് ഗ്രാനൈറ്റ്
17. ഈറ്റ, കാട്ടുവള്ളി
18. പ്രൈവറ്റ് എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (നോൺ ടീച്ചിംഗ്)
19. ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഓഫീസുകൾ
20. സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ്
21. വൂളൻ കാർപ്പറ്റ് മേക്കിംഗ് ഷാൾ വീവിംഗ് എസ്റ്റാബ്ലിഷ്മെന്റ്
22. ലോക്കൽ അതോറിറ്റി
23. ലാക്ക് മാനുഫാക്ചറിംഗ്
24. മൈക്ക വർക്ക്സ്
25. ടാനറീസ് ആന്റ് ലതർ മാനുഫാക്ചറിംഗ്
26. സാൾട്ട് പാൻ
27. വാട്ടർ ബോട്ട് ട്രാൻസ്പോർട്ടിംഗ്
28. പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്
29. ഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും
30. അലൂമിനിയം ആന്റ് ടിൻ പ്രോഡക്ട്സ്
31. ഭക്ഷ്യ സംസ്കരണം
32. വയർകട്ട് ബ്രിക്സ്
33. സ്ക്രീൻ പ്രിന്റിംഗ്
34. യന്ത്രവൽകൃത മത്സ്യബന്ധനം
35. ഇലക്ട്രോണിക് വ്യവസായം
36. ടിമ്പർ കട്ടിംഗ്, ക്ലിയർ ഫെല്ലിംഗ്, ട്രാൻസ്പോർട്ടിംഗ് ഓഫ് ലോഗ്സ്
37. മരംകയറ്റം
38. ഫർണിച്ചർ വ്യവസായം
39. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട്
40. കുട നിർമ്മാണം

ഇതിൽ വീട്ടുജോലി, ആഭരണ നിർമ്മാണം, ഗാർമെന്റ് വ്യവസായം എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. ഖാദി വ്യവസായത്തിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന കമ്മിറ്റി രൂപീകരിക്കുകയും, അതിന്റെ പ്രവർത്തനം നടന്നു വരുകയും ചെയ്യുന്നു. സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ് മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനാവശ്യമായ കരട് പ്രാഥമിക വിജ്ഞാപനം പരിഗണനയിലാണ്. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, ഇലക്ട്രിക് എക്യുപ്പ്മെന്റ്, ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്, പെട്രോൾ പമ്പ്, സ്റ്റാർ ഹോട്ടൽസ്, സോപ്പു നിർമ്മാണം, ഹാൻഡിക്രാഫ്റ്റ്, സിനിമാ ടെലിവിഷൻ നിർമ്മാണം, പ്ലാസ്റ്റിക് വ്യവസായം, പ്രൈവറ്റ് ടെമ്പിൾസ്, മാർബിൾ ആന്റ് ഗ്രാനൈറ്റ്, ഈറ്റ കാട്ടുവള്ളി, പ്രൈവറ്റ് എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (നോൺ ടീച്ചിംഗ്), ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഓഫീസുകൾ എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ കരട് പ്രാഥമിക വിജ്ഞാപനം തയ്യാറാക്കുന്നതിന്റെ ഭാഗമായി തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുമായുള്ള ചർച്ചകൾ നടന്നു വരുന്നു. ശേഷിക്കുന്ന 18 മേഖലകളിൽ വുളൻ കാർപ്പറ്റ് മേക്കിംഗ്, ലോക്കൽ അതോറിറ്റി, ടാണറിസ് ആന്റ് ലതർ മാനുഫാക്ചറിംഗ്, മോട്ടോർ ബോട്ട് ഒഴികെയുള്ള വാട്ടർ ട്രാൻസ്പോർട്ട്, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്ക്കരണം, വയർകട്ട് ബ്രിക്സ്, സ്ക്രീൻ പ്രിന്റിംഗ്, യന്ത്രവൽകൃത മത്സ്യ ബന്ധനം, ഇലക്ട്രോണിക് വ്യവസായം, മരംകയറ്റം, ടിമ്പർ കട്ടിംഗ്, ഫർണിച്ചർ വ്യവസായം എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ലാക്ക് മാനുഫാക്ചറിംഗ്, മൈക്ക വർക്ക്സ്, സാൾട്ട് പാൻ, ഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, അലൂമിനിയം ആന്റ് ടിൻ പ്രോഡക്ട്സ് എന്നിവയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുവാനുണ്ട്.

(ബി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികളെയാണ് ഇനി ക്ഷേമനിധികളുടെ പരിധിയിൽ കൊണ്ടു വരാനുള്ളത്; എല്ലാ വിഭാഗം തൊഴിലാളികളേയും ഏതെങ്കിലും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) തെങ്ങ്/മരം കയറ്റത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതി, അൺ എയിഡഡ് സ്കൂളുകളിലെ സ്റ്റാഫിന് ക്ഷേമപദ്ധതി, ക്ഷേത്ര ജീവനക്കാർക്ക് ക്ഷേമപദ്ധതി, ആനപാപ്പാൻമാരും ആനപരിപാലകരുമായ തൊഴിലാളികൾക്ക് ക്ഷേമനിധി, ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി, സിനിമാ ടെലിവിഷൻ രംഗത്ത് ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ഇവ സർക്കാർ പരിശോധിച്ചു വരുന്നു. ഇവയിലൊന്നും ഉൾപ്പെടാത്ത അസംഘടിത തൊഴിലാളികൾക്ക് വേണ്ടി കേരളാ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം 2008 എന്ന പേരിൽ ഒരു പദ്ധതി തൊഴിൽ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 282 | 06-07-2009-ൽ മറുപടിക്ക്

## വൈദ്യുതി അപകടങ്ങളിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ) വൈദ്യുതി അപകടങ്ങളിൽപ്പെടുന്ന ഉപഭോക്താക്കളടക്കമുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ) ഇല്ല. |
| ബി) ഇല്ലെങ്കിൽ അത്തരത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുമോ ; | ബി) തല്ക്കാലം പരിഗണനയിലില്ല. |
| സി) വൈദ്യുതി അപകടങ്ങളിൽപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര പേർ മരണമടഞ്ഞുവെന്നും, എത്ര പേർക്ക് പരിക്കു പറ്റിയെന്നും അറിയിക്കുമോ ? | സി) വൈദ്യുതി അപകടങ്ങളിൽപ്പെട്ട് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് 147 പേർക്ക് ജീവഹാനി സംഭവിക്കുകയും , 67 പേർക്ക് മാരകമല്ലാത്ത് അപകടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ ഉപഭോക്താവിന്റെ വൈദ്യുതി ഉപകരണങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് 176 പേർക്ക് ജീവഹാനി സംഭവിക്കുകയും, 58 പേർക്ക് മാരകമല്ലാത്ത അപകടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെ 10 പേർക്ക് നിസ്സാരമായ പരിക്കുകൾ പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 283 06.07.2009-ലെ മറുപടിയ്ക്ക്

ഇ.എസ്.ഐ. ആശുപത്രികളുടെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ.കെ.കുട്ടി അഹമ്മദ്കുട്ടി: | മറുപടി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഇ.എസ്.ഐ.ആശുപത്രികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകളും മറ്റ് ചികിത്സാ സാമഗ്രികളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. 12 ആശുപത്രികളിലും 137 ഡിസ്പെൻസറികളിലും ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി 11,47,40,997/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട് ഇതിനോടകം മരുന്ന് ക്ഷാമത്തിന് പരിഹാരമുണ്ടായിട്ടുണ്ട്. ചികിത്സാ ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് വിപുലമായ സാമ്പത്തിക അധികാരമുള്ള ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ 12 ആശുപത്രികളിലും പ്രവർത്തിക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ ഇ.എസ്.ഐ.ആശുപത്രികളുടെ നവീകരണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്തുള്ള ഏഴ് ഇ.എസ്.ഐ.ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇ.എസ്.ഐ.കോർപ്പറേഷനിൽ നിന്നും ലഭിച്ച ആറര കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 284

06.07.2009-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കുവാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |

എ) സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി സഹകരണ രജിസ്ട്രാറുടെ കീഴിൽ ഒരു പ്രത്യേക വിജിലൻസ് വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായും ടിയാന്റെ കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങളിൽ പരിശോധന കർശനമാക്കണമെന്ന് വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമം കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്ററെ നിയമിക്കുന്നതിന് 1969-ലെ കേരള സംസ്ഥാന സഹകരണ നിയമത്തിൽ 2000-ലെ ഒന്ന് ഭേദഗതി നിയമം വകുപ്പ് 68(എ) ആയി വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും

| | |
|---|---|
| | ആയതിന് പ്രാബല്യം നൽകിയിരുന്നില്ല. ടി വ്യവസ്ഥകൾക്ക് 5.6.2007 മുതൽ പ്രാബല്യം നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് 27.5.2008-ന് ജി.ഒ.(എം.എസ്.) 126/08 നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് വിഭാഗം സംഘടിപ്പിക്കുകയും ചെയ്തു. ആഡിറ്റ് ഡയറക്ടറായി ശ്രീ. കെ.ജി. രാജു ഐ.എ.എസ്.നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആഡിറ്റ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആഡിറ്റ് ഡയറക്ടറേറ്റ് പ്രവർത്തനം ആരംഭിക്കുന്നതോടെ സഹകരണ സംഘങ്ങളിലെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും കഴിയുന്നതാണ്. |
| ബി) മുൻ സർക്കാരിന്റെ കാലത്തെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഈ കേസ്സുകളുടെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) മുൻ സർക്കാരിന്റെ കാലത്തെ അഴിമതി സംബന്ധിച്ച് 14 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 എണ്ണത്തിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു. (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു). കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് സർക്കാരിന് ലഭ്യമാക്കിയ 21 കേസ്സുകളിൽ 8 എണ്ണം വിജിലൻസ് അന്വേഷണത്തിനായി സർക്കാരിന്റെ വിജിലൻസ് വകുപ്പിനും ഒരു കേസ്സ് എറണാകുളം DYSP-ക്ക് അന്വേഷണത്തിനും നടപടിയ്ക്കുമായി നൽകിയിട്ടുണ്ട്. ശേഷിക്കുന്നവയിൽ 5 കേസ്സുകൾ പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയിലെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |
| സി) സഹകരണ വിജിലൻസ് പോലീസ് സംവിധാനം ഏർപ്പെടുത്തിയതിനെ തുടർന്ന് അഴിമതി തടയാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) സഹകരണ വിജിലൻസ് പോലീസിന്റെ പ്രവർത്തനം ആരംഭിച്ചതോടുകൂടി നിരവധി അഴിമതി സംബന്ധമായ പരാതികളിൽ അന്വേഷണം പുരോഗമിക്കുന്നു, ഇത് സഹകരണ മേഖലയിലെ അഴിമതി ഗണ്യമായി കുറയുവാൻ സഹായിച്ചിട്ടുണ്ട്. |

ഡി) ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഡി) ആഡിറ്റ് ഡയറക്ടറായി ശ്രീ. കെ.ജി. രാജു ഐ.എ.എസ്. നെ നിയമിച്ചിട്ടുണ്ട്.

1) സഹകരണ സംഘങ്ങളുടെ ആഡിറ്റിനായി സഹകരണ ആഡിറ്റ് ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) സഹകരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ, ആധുനികവത്കരണം എന്നിവയ്ക്ക് അനുസൃതമായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

3) പരമ്പരാഗത ദുർബ്ബല മേഖലകളിലെ സഹകരണ സ്ഥാപനങ്ങളായ കയർ, കൈത്തറി, ക്ഷീര സഹകരണ സംഘങ്ങളിലെ ആഡിറ്റ് പ്രത്യേക പരിഗണന നൽകി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4) സഹകരണ ആഡിറ്റർമാർക്ക് എല്ലാ മാസവും സർക്കിൾ സഹകരണ യൂണിയനുകളുടെ നേതൃത്വത്തിൽ പരിശീലനം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 285 — 06.07.2009-ലെ മറുപടിക്ക്.

**'ആം ആദ്മി ബീമാ യോജനാ'**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ആം ആദ്മി ബീമാ യോജനാ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്ര പേർ ചേർന്നുവെന്ന് വ്യക്തമാക്കാമോ; | (എ) ആം ആദ്മി ബീമാ യോജനാ ഇൻഷ്വറൻസ് പദ്ധതിയിൽ 184862 പേരെ അംഗങ്ങളായി ഒന്നാം ഘട്ടമായി ചേർത്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിൽ എത്ര പേരെ ചേർക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) ഈ പദ്ധതിയിൽ ചേരുന്നതിന് യോഗ്യതയുള്ള ഗ്രാമവാസികളായ ഭൂരഹിതരോ, 5 സെന്റ് വസ്തു വരെ യുള്ളവരോ ആയ മുഴുവൻ കുടുംബ ങ്ങളെയും ചേർക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെയുള്ള 6,55,069 കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) ആരെല്ലാമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ ; | (സി) ആം ആദ്മി ബീമ യോജനയിൽ ചേർന്നിട്ടുള്ള കുടുംബനാഥനോ (നാഥയോ) അഥവാ കുടുംബത്തിലെ വരുമാനം നേടുന്ന അംഗമോ ആയി രിക്കും ഈ പദ്ധതിയുടെ ഗുണഭോ ക്താവ്. കുടുംബത്തിലെ 9,10,11,12, എന്നീ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് (പരമാവധി 2 കുട്ടികൾക്ക്) പ്രതിമാസം 100/- രൂപ വീതം ഓരോ കുട്ടിക്കും സ്കോളർഷിപ്പും ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. ഐ.ടി.ഐ കളിൽ പഠിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിക്കും. |
| (ഡി) വ്യവസ്ഥകൾ എന്തെല്ലാമാ ണെന്നും, ആനുകൂല്യങ്ങൾ എന്തെല്ലാ മാണെന്നും വെളിപ്പെടുത്തുമോ ? | (ഡി) ആം ആദ്മി ബീമ യോജനയിൽ അംഗമാകുന്ന വ്യക്തി ഒരു ഗ്രാമ വാസിയായ കുടുംബനാഥനോ/നാഥ യോ അഥവാ കുടുംബത്തിലെ വരുമാനം നേടുന്ന അംഗമോ ആയിരിക്കണം. കേരളത്തിൽ ഭൂരഹിതരോ 5 സെന്റ് വസ്തു വരെ ഉള്ളവരോ ആയവരെ |

അപേക്ഷകരായി അംഗീകരിച്ചിട്ടുണ്ട്. അപേക്ഷകരുടെ പ്രായം 60 വയസ്സ് കവിയരുത്. കുടുംബത്തിൽ സംഘടിത മേഖലയിൽ ജോലിയുള്ളവരുണ്ടെങ്കിൽ ആ കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേരുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിയുടെ കുടുംബത്തിലെ 9,10,11,12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന പരമാവധി 2 കുട്ടികൾക്ക് പ്രതിമാസം 100/- രൂപ വീതം ഓരോ കുട്ടിക്കും സ്കോളർഷിപ്പും അനുവദിക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന കുട്ടികളും സ്കോളർപ്പിന് അർഹരാണ്. ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിയുടെ ഇൻഷ്വറൻസ് തീരുന്നതിനു മുമ്പുള്ള സ്വാഭിവിക മരണത്തിന് 30,000/- (മുപ്പതിനായിരം) രൂപ, അപകടം മൂലമുള്ള മരണത്തിന് 75,000/- (എഴുപത്തി അയ്യായിരം) രൂപ, അപകടം മൂലം പൂർണ്ണ അംഗവൈകല്യം സംഭവിച്ചവർക്ക് 75000/- (എഴുപത്തി അയ്യായിരം) രൂപ, അപകടം മൂലം രണ്ട് അവയവങ്ങൾക്കോ രണ്ടു കണ്ണിനോ വൈകല്യം സംഭവിക്കുന്നവർക്കും 75000/- (എഴുപത്തി അയ്യായിരം) രൂപ, അപകടം മൂലം ഒരു കണ്ണോ ഒരു അവയവമോ നഷ്ടപ്പെടുന്നവർക്ക് 37500/-(മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ എന്നിങ്ങനെ ആനുകൂല്യവുമുണ്ട്. എൽ.ഐ.സി. ഓഫ് ഇന്ത്യ മുഖേനയാണ് ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 286

06-07-2009-ൽ മറുപടിക്ക്

## സ്പോട്ട് ബില്ലിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ; | എ) എച്ച്. ടി., ഇ. എച്ച്. ടി. ഉപഭോക്താക്കൾക്കും എൽ. ടി. വിഭാഗത്തിൽപ്പെട്ട വ്യാവസായിക ഉപഭോക്താക്കൾക്കും 10 കിലോ വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്കും പ്രതിമാസ റീഡിംഗ് എടുത്ത് ബില്ല് നൽകുകയാണ് ചെയ്യുന്നത്. ബാക്കിയുള്ള എല്ലാ ഉപഭോക്താക്കൾക്കും ദ്വൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) മീറ്റർ റീഡർ തസ്തികയിൽ 146 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 13 ഒഴിവുകൾ പി. എസ്. സി. വഴി ഓപ്പൺ ക്വാട്ട മുഖേന നികത്തേണ്ടവയും 133 ഒഴിവുകൾ ബോർഡിലെ തന്നെ യോഗ്യതയുള്ള ഇൻസർവ്വീസ് ജീവനക്കാരെ പി. എസ്. സി. മുഖേന ട്രാൻസ്ഫർ പ്രമോഷൻ മുഖാന്തിരം നിയമിക്കാനുള്ളതുമാണ്. പി. എസ്. സി. |

| | | | |
|---|---|---|---|
| | | | മുഖേനയുള്ള ഓപ്പൺ ക്വാട്ടയിലെ 15 ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രാൻസ്ഫർ പ്രമോഷൻ മുഖേനയുള്ള 133 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളെടുത്തു വരുന്നു. |
| സി) | സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള എത്ര വൈദ്യുത മീറ്ററുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | സി) | 2009 മെയ് ലെ കണക്കനുസരിച്ച് 7. 41. 383 സിംഗിൾ ഫേസ് മീറ്ററുകളും 62, 909 ത്രീ ഫേസ് മീറ്ററുകളും പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ഡി) | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ഡി) | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട മീറ്ററുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും മീറ്ററുകൾ വാങ്ങുന്നതിനോടൊപ്പം M/s. L&T, M/s. Secure തുടങ്ങിയ കമ്പനികളിൽ നിന്നും മീറ്ററുകൾ ബോർഡ് വാങ്ങുന്നുണ്ട്. നിലവിലുള്ള കേടായ മീറ്ററുകൾ ഒരു വർഷത്തിനകം മാറ്റി വയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| ഇ) | മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം ബോർഡിന് ഭീമമായ നഷ്ടം ഉണ്ടാകുന്നതിനാൽ കേടായ മീറ്ററുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുമോ ? | ഇ) | മീറ്ററുകൾ കേടാകുന്നതിനു മുൻപുള്ള ശരാശരി ഉപഭോഗം കണക്കാക്കി മീറ്ററുകൾ കേടായിരിക്കുന്ന കാലയളവിൽ ഉപഭോക്താക്കൾക്ക് ബില്ല് നൽകുന്നതിനാൽ ബോർഡിന് ഭീമമായ നഷ്ടം സംഭവിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 287 — 06/7/2009 -ൽ മറുപടിക്ക്

### തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എ.കെ.ചന്ദ്രൻ | | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | തെങ്ങുകയറ്റ തൊഴിലാളികൾക്ക് വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | തെങ്ങുകയറ്റ തൊഴിലാളികൾക്കു വേണ്ടി തൊഴിൽ വകുപ്പു മുഖേന ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഈ പദ്ധതി മുഖേന ലഭിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ എന്തെല്ലാമാണ്; | (ബി) & (സി) | ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ഈ പദ്ധതിയിലെ ഗുണഭോക്തൃ പ്രീമിയം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെങ്ങുകയറ്റത്തിനു പ്രത്യേക പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 288

06.07.2009 - ൽ മറുപടിയ്ക്ക്

## സഹകരണ നിയമങ്ങളിൽ ഭേദഗതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എ.ജെ.ജേക്കബ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാവുകയും നൂതന സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള സഹകരണ നിയമങ്ങളിൽ ഭേദഗതികൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; | (എ) കരുതുന്നുണ്ട് |
| (ബി) എങ്കിൽ ഇതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാവുകയും നൂതന സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സഹകരണ നിയമത്തിൽ കാലോചിതവും സമഗ്രവുമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും, ശുപാർശകൾ സമർപ്പിക്കുന്നതിനുമായി സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ.ഇ.നാരായണൻ ചെയർമാനായും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ.പി.എ.ഉമ്മർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ.നളന്ദ ഗോപാലകൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ 28/6/07 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 434/07/ സഹ പ്രകാരം രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശയുടേയും 2008 ലെ സഹകരണ കോൺഗ്രസ്സിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞു |

വന്ന നിർദ്ദേശങ്ങളുടേയും സഹകരണ വകുപ്പ് തലത്തിൽ നടന്ന ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് ഉദ്ദേശിക്കുന്നത്; നിയമഭേദഗതിയ്ക്കായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

(സി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന പ്രധാന ഭേദഗതികളുടെ വിവരം ചുവടെ പരാമർശിക്കുന്നു.

1. അന്തർ ദേശീയ സഹകരണ സഖ്യം പുതുക്കി നിശ്ചയിച്ചിട്ടുള്ള സഹകരണ തത്വങ്ങൾ നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ.
2. അപ്പക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളിൽ ഗവൺമെന്റിനും അംഗത്വം നൽകാൻ വ്യക്തമായ വ്യവസ്ഥ
3. നിർവ്വചനങ്ങളിൽ ഡയറക്ടർ ഓഫ് കോ - ഓപ്പറേറ്റീവ് ആഡിറ്ററിനേയും, പലവക സംഘങ്ങളേയും, വിജി ലൻസ് ഓഫീസറേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ
4. പൊതു താൽപ്പര്യ പ്രകാരം സഹകരണ സംഘം രജിസ്ട്രാറിന് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടാനുള്ള വ്യവസ്ഥ
5. അർബൻ ബാങ്കുകളുടെ ഭരണസമിതിയിലേക്ക് 10,000/ - രൂപായിൽ കൂടുതൽ നിക്ഷേപമുള്ള ഒരംഗത്തിന് സീറ്റ് സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ
6. സഹകരണ സംഘം ഭരണസമിതിയിലേക്ക് 2 (രണ്ട്) സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ

7. പ്രാതിനിധ്യ പൊതു സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷന് ചുമതല നൽകാനുള്ള വ്യവസ്ഥ.
8. ക്രമക്കേടുകൾ കണ്ടെത്തി പുറത്താക്കപ്പെടുന്ന ഭരണസമിതി അംഗ ങ്ങളെ അടുത്ത രണ്ടു ഭരണ കാലയളവിലേക്ക് തെരെഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ അയോഗ്യത കല്പിച്ചുകൊണ്ടു വ്യവസ്ഥ
9. അർബൻ സഹകരണ ബാങ്കുകൾക്കും ഗഹാൻ പദ്ധതി ബാധകമാക്കിക്കൊണ്ടുള്ള വ്യവസ്ഥ.
10. " കോ - ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് " നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ
11. സഹകരണ സംഘങ്ങളിലെ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുവാനും, നഷ്ടം ഈടാക്കുവാനും രജിസ്ട്രാർക്ക് അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥ
12. അഴിമതി, ക്രമക്കേട് എന്നിവയിൻ മേൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ വിജിലൻസ് ഓഫീസർക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥ.
13. സഹകരണ മേഖലയിലെ പരാതികൾക്ക് ശാശ്വതമായ പരിഹാരത്തിനായി സർക്കാരിന്റെ നിയന്ത്രണത്തിൽ സഹകരണ ഓംബുഡ്സ്മാൻ രൂപീകരിക്കുവാനുള്ള വ്യവസ്ഥ

14. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും 2005 ലെ വിവരാവകാശ നിയമപ്രകാരം പബ്ലിക് അതോറിറ്റിയായിരിക്കുമെന്ന വ്യവസ്ഥ
15. ഓരോ സഹകരണ സംഘത്തിലും, ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും, പൊതുജനങ്ങൾക്കുമായി ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ
16. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്ക് 3 % സീറ്റ് സംവരണം ചെയ്യാനുള്ള വ്യവസ്ഥ.
17. സംഘം ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് തടയാനുള്ള വ്യവസ്ഥ തുടങ്ങിയവ സഹകരണ സംഘം നിയമത്തിൽ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതിയിൽ ശുപാർശ ചെയ്തിട്ടുള്ളത്.

(signature)

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 289

06.07.2009-ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. വി. ശശികുമാർ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് കഴിഞ്ഞ വർഷം ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ വിഷുചന്ത 2008, ഓണചന്ത 2008, റംസാൻ ചന്ത 2008, ബക്രീദ് ചന്ത 2008, ക്രിസ്തുമസ് ചന്ത 2008 എന്നിവ നടത്തുകയും ടി ചന്തകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്ത് അരിവില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം ന്യായവില അരിച്ചന്തകൾ നടത്തുകയും പശ്ചിമ ബംഗാളിൽ നിന്നും അരി കൊണ്ടുവന്ന് വിതരണവും നടത്തുകയും ചെയ്തു. |
| ബി) പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ മുൻ വർഷത്തെപ്പോലെ വിപണിയിൽ ഇടപെടാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ ഫലപ്രദമായ പങ്ക് വഹിച്ചിട്ടുള്ളതിനാൽ ഭാവിയിലും ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ്, വിഷു, ഈസ്റ്റർ തുടങ്ങിയ ഉത്സവകാലങ്ങളിൽ മുൻ വർഷങ്ങളിലെപ്പോലെ ഉത്സവകാല ചന്തകൾ നടത്തി നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| സി) കൺസ്യൂമർ ഫെഡിന്റെയും നീതി സ്റ്റോറുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) കൺസ്യൂമർ ഫെഡിന്റെയും നീതി സ്റ്റോറുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 290 6-07-2009 ൽ മറുപടിയ്ക്ക്**

**ഇടുക്കി ജലവൈദ്യുത നിലയത്തിന്റെ അറ്റകുറ്റപ്പണികൾ**

| ചോദ്യം<br>(ശ്രീ കെ മുഹമ്മദുണ്ണി ഹാജി<br>വി.കെ. ഇബ്രാഹിം കുഞ്ഞ്) | മറുപടി<br>(ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)) |
|---|---|
| എ) ഇടുക്കിയിൽ എത്ര ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്; അവ പൂർണ്ണമായും പ്രവർത്തനക്ഷമമാണോ? | എ) ഇടുക്കി വൈദ്യുതി നിലയത്തിൽ 130 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ആറ് ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്. അവയെല്ലാം തന്നെ പൂർണ്ണമായും പ്രവർത്തനക്ഷമമാണ് |
| ബി) ഇടുക്കി ജലവൈദ്യുത നിലയത്തിന്റെ അറ്റകുറ്റപ്പണികൾ അടുത്ത കാലത്തായി നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ; | ബി) ഇടുക്കി ജലവൈദ്യുത നിലയത്തിലെ എല്ലാ ജനറേറ്ററുകളുടെയും വാർഷിക അറ്റകുറ്റ പണികൾ സമയബന്ധിതമായി എല്ലാവർഷവും നടത്താറുണ്ട്. ഈ വർഷം ടി നിലയത്തിലെ 4,5,6 മെഷീനുകളുടെ കേട് വന്ന ഗാർഡ് വാൽവുകൾ മാറ്റിവയ്ക്കുന്ന പണിയും രണ്ടാം നമ്പർ ബട്ടർഫ്ളൈ വാൽവിന്റെ ചോർച്ച മാറ്റുന്ന ജോലിയും പ്രത്യേകമായി ചെയ്യുകയും കൂടാതെ ടെയിൽറേസിലെയും കൂളിംഗ് വാട്ടർ പമ്പ് പിറ്റിലെയും ചെളി മാറ്റുന്ന ജോലിയും ഇതോടൊപ്പം വാൽവ് ഹൗസിലെ പെൻസ്റ്റോക്ക് പൈപ്പിന്റെ പെയിന്റടിക്കുന്ന ജോലിയും ചെയ്തിട്ടുണ്ട്. |
| സി) അറ്റകുറ്റപ്പണികൾ വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നോ; | സി) പ്ലാൻ ചെയ്തിരുന്ന അറ്റകുറ്റപണികൾ വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞു. |
| ഡി) ഏത് ഏജൻസിയാണ് പണി നടത്തിയതെന്നും എന്ത് തുക ചെലവഴിച്ചു എന്നും പറയാമോ; | ഡി) പുറമെ നിന്നുള്ള ഒരു ഏജൻസിയെയും പണിനടത്തുന്നതിലേയ്ക്കായി ചുമതലപ്പെടുത്തിയിരുന്നില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ മാത്രമാണ് അറ്റകുറ്റപണികൾ ചെയ്തത്. അതിനാൽ പ്രത്യേകമായി തുക ചെലവഴിച്ചിട്ടില്ല. |
| ഇ) അറ്റകുറ്റപ്പണികൾ ചെയ്തതുമൂലം വൈദ്യുതി ഉൽപ്പാദനത്തിന് എന്ത് വർദ്ധന ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഇ) ഈ അറ്റകുറ്റ പണികൾ കൊണ്ട് വൈദ്യുത ഉല്പാദനത്തിൽ യാതൊരുവിധത്തിലുള്ള വർദ്ധനവും ഉണ്ടാകുന്നില്ല. ബട്ടർഫ്ളൈ വാൽവ് അടയ്ക്കുമ്പോൾ അതിൽ കൂടിയുണ്ടാകുന്ന ചോർച്ച പരിഹരിക്കുകയും കേടുപാടുകൾ സംഭവിച്ച ഗാർഡ് വാൽവുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയുമാണ് ചെയ്തത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 291 06/07/2009-ൽ മറുപടിക്ക്

### പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമ നയം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. സാജു പോൾ:
ശ്രീ. കെ.സി. കുഞ്ഞിരാമൻ:
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എം.കെ. പുരുഷോത്തമൻ:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും
ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാരിന്റെ പട്ടികജാതി / പട്ടിക വർഗ്ഗ ക്ഷേമനയം പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) പട്ടികജാതി / പട്ടികവർഗ്ഗജനവിഭാഗങ്ങൾക്ക് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ സംരക്ഷണവും ഉറപ്പു വരുത്തുകയാണ് സർക്കാരിന്റെ നയം. ഈ ജനവിഭാഗങ്ങൾക്കെതിരെയുള്ള വിവിധ തരത്തിലുള്ള അതിക്രമം തടയൽ, ഇവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ, സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണം, സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കൽ, വിദ്യാഭ്യാസ സൗകര്യമേർപ്പെടുത്തൽ തുടങ്ങിയവ വിജയകരമായി നടപ്പിലാക്കി വരുന്നു. ഭരണഘടന അനുശാസിക്കുന്ന എല്ലാ സംരക്ഷണവും ക്ഷേമപദ്ധതികളും നടപ്പിലാക്കി വരുന്നതിനാൽ ഈ ജനവിഭാഗങ്ങൾക്കായി ഒരു പ്രത്യേക ക്ഷേമ നയം പ്രഖ്യാപിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. |

| | |
|---|---|
| (ബി) ഈ രംഗത്തെ വിവിധ പദ്ധതികളുടെയും, ഏജൻസികളുടെയും ഏകോപനത്തിന് സമഗ്ര നയം രൂപീകരിക്കുവാൻ തയ്യാറാകുമോ; | (ബി) പട്ടികജാതി / പട്ടികവർഗ്ഗജനവിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിൽ വിവിധ പദ്ധതികളുടേയും വകുപ്പുകളുടേയും ഏജൻസികളുടെയും കൂട്ടായ പ്രവർത്തനമാണ് നടന്നു വരുന്നത്. |
| (സി) പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം ഉറപ്പാക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്ന പ്രത്യേ ക പദ്ധതികൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തുമോ? | (സി) പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം ഉറപ്പാക്കുന്ന നിയമങ്ങൾ അതീവ ശ്രദ്ധയോടെതന്നെ സർക്കാർ പരിപാലിച്ചു പോരുന്നു. ഇക്കാര്യത്തിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 292    6.07.2009 ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. എം. ഹംസ
ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ. ബി. രാഘവൻ

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(എ) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) വിദേശപഠനത്തിന് സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) വിദേശത്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് പ്രത്യേക പദ്ധതിയില്ല. വിദേശപഠനത്തിനുള്ള അപേക്ഷ ലഭിയ്ക്കുന്നതിനനുസരിച്ച് അർഹത പരിശോധിച്ച് പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ ആനുകൂല്യം നൽകുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇതിനായി ഒരു വായ്പാ പദ്ധതിയും നടപ്പാക്കി വരുന്നു.

(സി) പട്ടികവിഭാഗക്കാർക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് സീറ്റ് നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

(സി) +2 സയൻസ് ബാച്ചിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി തീവ്രപരിശീലനം നല്കുന്ന ഒരു പദ്ധതി 2007-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും 2008-09 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ കോഴിക്കോട്

'കിർത്താട്സ് ' മുഖേനയും നടത്തിയിരുന്നു. 2008-09 അധ്യയന വർഷത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദനീയമായ മെഡിക്കൽ സീറ്റുകളിൽ പ്രവേശന പരീക്ഷയിൽ മിനിമം മാർക്ക് ലഭിക്കാതെ വന്നതിനാൽ അവർക്കായി പ്രത്യേക പരീക്ഷ നടത്തി എല്ലാ സീറ്റുകളിലും പ്രവേശനം നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **292**

**അനുബന്ധം**

പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, എന്നിവയുടെ നിരക്കിൽ 50% വർദ്ധനവ് വരുത്തി 1.4.2008 മുതൽ ഉത്തരവായിട്ടുണ്ട്.

ചില കോഴ്സുകളിൽ പഠനം നടത്തുന്നതിന് പുതുതായി അനുവദിച്ച ആനുകൂല്യങ്ങളുടെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികളുടെയും വിവരം ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ അംഗീകൃത യൂണിവേഴ്സിറ്റികൾ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ (എൽ.ബി.എസ്. സെന്റർ, ഐ.എച്ച്.ആർ.ഡി, സി.ഡിറ്റ്, ഇ.ആർ.& ഡി.സി, സി.ഡാക്ക് തുടങ്ങിയവ) സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ എന്നിവ നേരിട്ട് നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരോ, യൂണിവേഴ്സിറ്റികളോ, കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളോ നിശ്ചയിക്കുന്ന ഫീസ് അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

2. കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള എല്ലാ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഓഫ് ഹോട്ടൽ മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള 24 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ എന്നിവയിൽ അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ പ്രവേശനം ലഭിക്കുന്ന സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള 15.9.2007-ലെ ഉത്തരവിന് 2004-2005 വിദ്യാഭ്യാസ വർഷം മുതൽ മുൻകാല പ്രാബല്യം നല്കി 20.1.2009 ൽ ഉത്തരവായിട്ടുണ്ട്.

3. സർക്കാർ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിൽ വിവിധ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ളതും, എൻട്രൻസ് കമ്മീഷണർ നല്കുന്ന ലിസ്റ്റിൽ നിന്നും പ്രവേശനം ലഭിക്കുന്നതുമായ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ കോഴ്സിന് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ജസ്റ്റിസ്.കെ.ടി. തോമസ് കമ്മിറ്റി/ജസ്റ്റിസ് മുഹമ്മദ്

കമ്മിറ്റി നിശ്ചയിച്ചതും പിന്നീട് കോടതിവിധി പ്രകാരം പുനർ നിർണ്ണയിച്ചതുമായ 29,000/- രൂപ ഫീസ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ് സീറ്റിലും, സംവരണ സീറ്റിലും സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ എം.സി.എ., ബി.എസ്.സി (നഴ്സിംഗ്- ആയുർവേദ), ബി.ഫാം (ആയുർവേദ) കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ജസ്റ്റിസ്.കെ.റ്റി.തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

5. സംസ്ഥാനത്തെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോക്കറ്റ്മണി അനുവദിച്ചു

6. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും പ്രീമെട്രിക് -പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലുമുള്ള വിദ്യാർത്ഥികളുടെ മെസ് ചാർജ്ജ് ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 700/- രൂപയായും 11 മുതൽ 12 വരെ ക്ലാസ്സുകളിൽ 900/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത നിരക്കുകൾ യഥാക്രമം 1,300/- രൂപയായും 1,500/- രൂപയായും വീണ്ടും വർദ്ധിപ്പിച്ചു.

7. യു.ജി.സി. അംഗീകാരമുള്ള കേരളത്തിലെ ഡീംഡ് സർവ്വകലാശാലകളായ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെറുതുരുത്തി കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തമിഴ്നാട്ടിലെ ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്.

8. ലാറ്ററൽ എൻട്രി വഴി എഞ്ചിനീയറിംഗ്, ബി.ഫാം, എന്നീ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കുവാൻ ഉത്തരവായി

9. സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസ സ്റ്റൈപ്പെന്റ് തുക ചില വ്യവസ്ഥകൾക്ക് വിധേയമായി 1,000/- രൂപയായി നല്കുന്നതിന് ഉത്തരവായിട്ടുണ്ട്.

10. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന തുല്യതാ പരിപാടിയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിക്ക് 2,000/- രൂപ നിരക്കിൽ ഫീസ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

11. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റ് പ്രകാരം മെരിറ്റ്സീറ്റിലും സംവരണ സീറ്റിലും എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം ലഭിച്ചു തോറ്റു പഠിക്കുന്ന പട്ടികവർഗ്ഗ/പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് 3 തവണ പരീക്ഷ എഴുതുന്നതിന് 50% നിരക്കിൽ ഫീസുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 2005-06 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തോടെ അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

12. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് അനുബന്ധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നേടുന്ന 40,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ പഠനചെലവുകൾക്കായി 5,000/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2005-2006 വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് കൂടി ഈ ധനസഹായം നല്കുവാൻ ഉത്തരവാകുകയുണ്ടായി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുന്നതിന്റെ ഭാഗമായി കണ്ണൂർ, ആലപ്പുഴ, ചാലക്കുടി, മൂന്നാർ, വടശ്ശേരിക്കര എന്നിവിടങ്ങളിലെ എം.ആർ.എസ്.കളിൽ പ്ലസ് ടു അനുവദിച്ചു. 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ നിലവാരമുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർത്തു പഠിപ്പിക്കുന്നതിന് ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നല്കുവാൻ ഉത്തരവായി.

ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ചേർന്നു പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവിടെ ലഭ്യമായ സൗകര്യങ്ങൾക്ക് പുറമെ ആവശ്യമായ പഠന സാമഗ്രികൾ വാങ്ങുന്നതിനും മറ്റും ധന സഹായം നല്കുന്നതിന് ഉത്തരവായി.

കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നടത്തുന്ന എം.ഫിൽ/ പി.എച്ച്.ഡി./ഇന്റഗ്രേറ്റഡ് കോഴ്സ്, ഹോട്ടൽമാനേജ്മെന്റ് (കോവളം) നടത്തുന്ന അക്കോമഡേഷൻ & ഓപ്പറേഷൻ മാനേജ്മെന്റ് കോഴ്സ്, ക്രാഫ്റ്റ് കോഴ്സ് ഇൻ ഫുഡ് പ്രൊഡക്ഷൻ, കമ്പ്യൂട്ടർ ആനിമേഷൻ ആന്റ് ഫിലിം ഡിസൈനിംഗ് കോഴ്സ് എന്നിവയ്ക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നല്കിയിട്ടുണ്ട്..

എം.ആർ.എസ്.കളിലെ വിദ്യാർത്ഥികൾക്ക് ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലങ്ങളിൽ ഒരു തവണ വീതം വീട്ടിൽ പോയി വരുന്നതിനും അവരുടെ രക്ഷിതാക്കൾക്ക് ടി അവധിക്കാലങ്ങളിൽ സ്കൂളിൽ വന്ന് കുട്ടികളെ കൂട്ടിക്കൊണ്ടു പോകുന്നതിനും, അവധി കഴിഞ്ഞ് തിരികെ കൊണ്ടു വിടുന്നതിനും യാത്രാബത്തയായി രണ്ടാം ക്ലാസ് ട്രെയിൻ ചാർജ്ജോ/യഥാർത്ഥ ബസ് ചാർജ്ജോ അനുവദിച്ചുത്തരവായിട്ടുണ്ട്.

ഡീംഡ് യൂണിവേഴ്സിറ്റിയായ കേരളകലാമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് അരങ്ങേറ്റത്തിനു ചെലവുകൾക്കായി ധനസഹായം അനുവദിച്ച് ഉത്തരവായി.

എം.ആർ.എസ്-കളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലേയ്ക്ക് യൂണിഫോം അലവൻസ് 1500/- രൂപയും 8 മുതൽ 12 വരെ 2,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി. വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 400/- രൂപയിൽ നിന്നും 900/- രൂപയായി വർദ്ധിപ്പിച്ചു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രതിമാസ വാഷിംഗ് ചാർജ്ജ് 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 90 രൂപയാക്കിയും +2 തലങ്ങളിൽ 100 രൂപയാക്കിയും വർദ്ധിപ്പിച്ചു.

ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം തുടങ്ങിയ പദ്ധതികൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഐ.റ്റി.ഐ/ഐ.റ്റി.സി. ട്രേഡ് പരീക്ഷ പാസ്സായ പട്ടികജാതിയിൽപ്പെട്ട പരിശീലകർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പെന്റ് 1000 രൂപയിൽ നിന്നും 2,000/- രൂപയായും ഡിപ്ലോമക്കാർക്ക് നൽകി വന്നിരുന്നത് 1600 രൂപയിൽ നിന്നും 2,500/- രൂപയായും, എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്ക് നൽകി വന്നിരുന്നത് 1800/- രൂപയിൽ നിന്നും 3000/- രൂപയായും അഡീഷണൽ അപ്രന്റീസ്ഷിപ്പുകാർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പെന്റ് 1400/- രൂപയിൽ നിന്നും 2000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

നിയമബിരുദധാരികളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് നടത്തുന്നതിന് പുസ്തകം വാങ്ങുന്നതിന് വേണ്ടി രണ്ടും മൂന്നും വർഷം നല്കുന്ന ധനസഹായം 5,000/- രൂപയിൽ നിന്നും 6250/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി.

വിദ്യാഭ്യാസാനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനും, കുറ്റമറ്റതാക്കുന്നതിനുമായി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി./ഒ.ബി.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്തല വിദ്യാഭ്യാസാനുകൂല്യങ്ങൾ ബാങ്കുകളിൽ നിന്നും വിദ്യാർത്ഥികൾക്ക് ATM കാർഡ് മുഖേന നേരിട്ട് ലഭ്യമാക്കുന്ന ഇ-ഗ്രാന്റ്സ് പദ്ധതി അംഗീകരിച്ച് ഉത്തരവായി.

+2 സയൻസ് ബാച്ചിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി തീവ്ര പരിശീലനം നല്കുന്ന ഒരു പദ്ധതി 2007 പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും 2008-09 വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ കോഴിക്കോട് കിർത്താഡ്സ് മുഖേനയും പ്രവേശന പരീക്ഷയ്ക്ക് മുമ്പായി നടത്തിയിരുന്നു. 2008 വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ബി.ഡി.എസ്. പ്രവേശനത്തിനു വേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ പ്രത്യേക പ്രവേശന പരീക്ഷയ്ക്ക് അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കോഴിക്കോട് കിർത്താഡ്സ് മുഖേന പ്രത്യേക

പരിശീലനം നൽകുകയുണ്ടായി. ഈ വർഷവും ഇപ്രകാരം പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ആശ്രമ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +1, +2 വിന് സയൻസ് ബാച്ചിൽ പഠിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി പ്രവേശന പരീക്ഷാ പരിശീലനം നടത്തി വരുന്നു.

വെട്ടിലപ്പാറ, തലപ്പുഴ, മുള്ളൻകൊല്ലി, മീനങ്ങാടി, പടിയൂർ വാളേരി (കല്ലോടി) പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടങ്ങൾ പണിയുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി.

ഇടമലയാറിലെ ആൺ/പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് കെ.എസ്.ഇ.ബി വക കെട്ടിടം അറ്റകുറ്റപണി നടത്തി ലഭ്യമാക്കുകയുണ്ടായി.

കുളത്തൂപ്പുഴ, മലമ്പുഴ, ഈരാറ്റുപേട്ട മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിച്ചു.

ഭാരതദർശൻ പഠന പര്യടന വിനോദ പരിപാടി +2 ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അനുവദിച്ചുത്തരവായി.

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൃത്താല, ആലുവ, ആലപ്പുഴ എന്നീ എം.ആർ.എസ്.കളിലും, വെള്ളായണി ശ്രീ.അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും ഹയർ സെക്കൻഡറി ക്ലാസ്സുകൾ ആരംഭിച്ചു. കാസർഗോഡ് ജില്ലയിലെ ബേള ഐ.റ്റി.സി. യിൽ വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡ് ആരംഭിക്കുന്നതിന് ഉത്തരവാകുകയും ആയതിൻപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ എലത്തൂർ ഐ.ടി.സി.യിൽ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**മോഡൽ റസിഡൻഷ്യൽ ഐ.റ്റി.സി.**

എ)തിരുവനന്തപുരം ജില്ലയിലെ മരിയാപുരം, കൊല്ലം ജില്ലയിലെ കുളക്കട, ഓച്ചിറ, പത്തനംതിട്ട ജില്ലയിലെ ഐക്കാട്, പന്തളം കോട്ടയം ജില്ലയിലെ സചിവോത്തമപുരം ഐ.റ്റി.സി., പാലക്കാട് ജില്ലയിലെ മംഗലം, തൃശൂർ ജില്ലയിലെ എങ്കക്കാട് എന്നീ 8 ഐ.റ്റി.സി.കൾ എം.ആർ.ഐ.റ്റി.സി. ആയി ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ മരിയാപുരം, കൊല്ലം ജില്ലയിലെ വെട്ടിക്കവല, പത്തനംതിട്ട ജില്ലയിലെ പന്തളം, കോട്ടയം ജില്ലയിലെ മാടപ്പള്ളി, മലപ്പുറം ജില്ലയിലെ കേരളാധീശ്വരപുരം, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ എന്നീ 6 ഐ.ടി.സി.കളിൽ ആധുനിക തൊഴിൽ സാദ്ധ്യതയുള്ള കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഐ.ടി.സി. ഓഫീസുകളിലും ഐ.റ്റി.സി. കളിലും ടെലിഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി വാരാന്ത്യ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ ട്രെയിനിംഗ് കോഴ്സുകൾ സൈബർശ്രീ മുഖേന നടപ്പിലാക്കി വരുന്നു. സി.ഡിറ്റ് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ട്രെയിനികളുടെ എണ്ണം 10-ൽ നിന്ന് 20 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പരിശീലനം നേടിയ 20 പേരിൽ 17 പേർക്കും ഈ മേഖലയിൽ തന്നെ ജോലി ലഭിച്ചതായി സി.ഡിറ്റ് അറിയിച്ചിട്ടുണ്ട്.

2007-08 ൽ താഴെ പറയുന്ന നാല് കോഴ്സുകൾക്ക് 'സൈബർശ്രീ.' പ്രൊപ്പോസലുകൾ സമർപ്പിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് ട്രെയിനിംഗ്
2. 3 ഡി ആനിമേഷൻ
3. ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി
4. ഐ.ടി. ട്രെയിനിംഗ് ബി.എഡ്/എം.എഡ് ബിരുദധാരികൾക്ക്

പരിശീലന പരിപാടികൾ നടന്നുവരുന്നു.

പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട് പ്രവർത്തിച്ചു വരുന്ന സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം 'ക്രെസ്റ്റ് ' എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തിച്ചു വരുന്നു. ഇവിടെ സർട്ടിഫിക്കറ്റ്കോഴ്സ് ഫോർ പ്രൊഫഷണൽ ഡെവലപ്പ്മെന്റ് എന്ന അഞ്ചുമാസത്തെ കോഴ്സ് നടത്തി വരുന്നു. ഇവിടെ റിസർച്ച് ചെയ്യുന്നതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

പാലക്കാട് കുഴൽമന്ദത്ത് പാരാ-മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ഉടൻ തുടങ്ങുന്നതാണ്.

കണ്ണൂർ പയ്യന്നൂരിൽ പാരാ-മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമാക്കി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോഴ്സിന്റെ പേര് ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ.

ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതിയ പാരാ-മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അയ്യങ്കാളി സ്പോർട്സ് സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 99 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് 28.69 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

അയ്യങ്കാളി സ്പോർട്സ് സ്കൂളിൽ ഹെൽത്ത്ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിന് 12.29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി 100 പേർക്ക് വീതം താമസ സൗകര്യം ലഭിക്കുന്ന തരത്തിൽ ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തനം ആരംഭിച്ചു.

തിരുവനന്തപുരത്ത് പൂച്ചെടിവിളയിൽ 147 പെൺകുട്ടികൾക്കും, കാസർഗോഡ് വിദ്യാനഗറിൽ 60 പെൺകുട്ടികൾക്കും താമസിച്ചു പഠിക്കുന്നതിന് ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കണ്ണാടിയിൽ പെൺകുട്ടികൾക്കായി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.

ആലപ്പുഴ എം.ആർ.എസ്. നോട് അനുബന്ധിച്ച് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

വലിയശാലയിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് 2.13 കോടി രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മണ്ണന്തലയിൽ അനുമതി നൽകി പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

കോട്ടയം ഗാന്ധിനഗറിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡിന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥ മെസ് അലവൻസ് അനുവദിക്കുന്നതിന് ഉത്തരവ് നൽകി.

ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനുമായി 2006-07 146.53 ലക്ഷം രൂപയും 2007-08 ൽ 276.31 ലക്ഷം രൂപയും ചെലവഴിച്ചു. 2008-09 ൽ 51.20 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി.

പീരുമേട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും 394 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് നൽകുകയും ചെയ്തു.

തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ആൺകുട്ടികൾക്കായി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ഒരു കോടി രൂപ ഇതിനായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ താമസത്തിനായി 9 പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്ഥലപരിമിതി മൂലം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എറണാകുളം പി.ഇ.റ്റി.സിയ്ക്ക് ആലുവയിൽ വകുപ്പിന്റെ വക സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെള്ളയമ്പലത്തെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ മാതൃകാ ഹോസ്റ്റലായി ഉയർത്തുകയും, കമ്പ്യൂട്ടർ ലാബ്, വിശാലമായ ലൈബ്രറി എന്നിവ സ്ഥാപിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 293

06/07/2009 ലെ മറുപടിക്ക്.

" ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ശശികുമാർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ. വി.ശിവൻകുട്ടി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി ബോർഡിന് കീഴിൽ നിലവിലുള്ള ലോക്കൽ കമ്മിറ്റികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ഒഴികെയുള്ള 34 ലോക്കൽ കമ്മിറ്റികളെ ജില്ലാ കമ്മിറ്റി കളായി പുന:സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുന:സംഘടന സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. ബോർഡിന് കീഴിലുള്ള എല്ലാ ഓഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യു ന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. തൊഴിലാളികളുടെ വേതനം ഇടത്തട്ടുകാർ തട്ടിയെടുക്കാതെ ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരി ച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങൾ ക്കായി തൊഴിലാളികൾ സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി കാലതാമസം കൂടാതെ |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. 2500/-രൂപ വരെയുള്ള വിവിധ ആനുകൂല്യങ്ങൾ കമ്മിറ്റിതലത്തിൽ തന്നെ അനുവദിച്ചുനല്കുന്നത് വഴി ആനുകൂല്യങ്ങൾ സമയബന്ധിതമായി നല്കാൻ കഴിയുന്നുണ്ട്. |
| (ബി) | കയറ്റിറക്കു തൊഴിലാളികൾ അന്യായമായ കൂലി വാങ്ങുകയും നിർബന്ധ പിരിവുകൾ നടത്തുകയും ചെയ്യുന്ന സംഭവങ്ങൾബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പദ്ധതിയിലെ അംഗങ്ങളായ തൊഴിലാളികൾ കൂടുതൽ കൂലി വാങ്ങിയ ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോർഡ് ഭാരവാഹികൾ ഇടപെട്ട് പരിഹരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | | പ്രസ്തുത സംഭവങ്ങളിൽ അമിതമായി വാങ്ങിയ കൂലി, തൊഴിലാളികളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ടവർക്ക് തിരികെ നല്കിയിട്ടുണ്ട്. തൊഴിലാളികൾ അമിതകൂലി വാങ്ങരുതെന്ന കർശന നിർദ്ദേശം പൂൾ ലീഡർമാർക്കും തൊഴിലാളികൾക്കും നല്കിയിട്ടുണ്ട്. അമിതകൂലി വാങ്ങുന്നത് ശ്രദ്ധയിൽ പെടുമ്പോൾ ആയത് തിരികെ കൊടുപ്പിക്കുകയും പൂൾ ലീഡർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | കയറ്റിറക്ക് ജോലി ചെയ്യാതെ നോക്കുകൂലി വാങ്ങുന്ന സംഭവങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | നോക്കുകൂലി സംബന്ധിച്ച് കേരള ചുമട്ടു തൊഴിലാളി നിയമത്തിൽ വ്യവസ്ഥയില്ല. സർക്കാർ നോക്കുകൂലി നിയമപരമായി അംഗീകരിച്ചിട്ടില്ല. നോക്കുകൂലി സമ്പ്രദായം ഒരുതരത്തിലും പ്രോത്സാഹിപ്പിക്കുകയില്ല എന്നതാണ് സർക്കാർ നയം. എന്നാൽ |

| | | | |
|---|---|---|---|
| | | | കയറ്റിറക്ക് ജോലി ചെയ്യാതെ കൂലി വാങ്ങിയ അപൂർവ്വം ചില സംഭവങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ അംഗത്വം റദ്ദു ചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും തയ്യാറാവുമോ ? | (ഇ) | അമിതകൂലിയോ നോക്കുകൂലിയോ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള ശിക്ഷാവിധികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 294 | 06/07/2009-ൽ മറുപടിക്ക്

### പട്ടിക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. ബി. രാഘവൻ:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ കാലത്തേക്കാൾ പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ കാലത്തേക്കാൾ വൻപുരോഗതിയുണ്ടായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗം ശരാശരി 60-65 ശതമാനമായിരുന്നത് ഈ സർക്കാരിന്റെ കാലത്ത് 90-97 ശതമാനമായി ഉയർന്നിട്ടുണ്ട്. |

| | |
|---|---|
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി നടത്തിപ്പിൽ പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി നടത്തിപ്പിൽ പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതി നടത്തിപ്പ് 50-60 ശതമാനമായിരുന്നത് ഈ സർക്കാരിന്റെ കാലത്ത് 80-85 ശതമാനമായി ഉയർന്നിട്ടുണ്ട്. |
| (സി) ഈ വിഭാഗങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹരായവർക്കു തന്നെയാണോ ലഭിക്കുന്നത് എന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | (സി) പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി അനുവദിക്കുന്ന ആനുകൂല്യങ്ങൾ അർഹരായവർക്കു തന്നെയാണോ ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും പരിശോധന നടത്തുന്നതിനുള്ള സംവിധാനം പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പുകളിൽ നിലവിലുണ്ട്. ഇതിനു പുറമേ പരാതികൾ, നിവേദനങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന വ്യക്തമാക്കപ്പെടുന്ന അപാകതകൾ തത്സമയം പരിശോധിച്ച് പരിഹാരം കാണുന്നതിനും അവ അർഹരായവർക്കു ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:295</u>　　　　<u>06-07-2009-ൽ മറുപടിക്ക്</u>

### <u>ആറളം ഫാമിൽ ഭൂമി പതിച്ചുകൊടുക്കൽ</u>

<u>ചോദ്യം</u>　　　　<u>മറുപടി</u>

| ശ്രീ. ജോർജ്ജ് മേഴ്സിയർ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. അടൂർ പ്രകാശ് | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
|---|---|---|
| എ | പട്ടികവർഗ്ഗക്കാർക്ക് പതിച്ചു കൊടുക്കുന്നതിനായി വാങ്ങിയ ആറളം ഫാം പൂർണ്ണമായും പട്ടിക വർഗ്ഗക്കാർക്കു പതിച്ചു കൊടുത്തിട്ടുണ്ടോ എന്നറിയിക്കുമോ ; | <u>(എ) യും (ബി)യും</u><br><br>ആറളം ഫാമിൽ നിന്നും 2335 ഏക്കർ ഭൂമി ആദിവാസികൾക്ക് പതിച്ചു കൊടുത്തിട്ടുണ്ട്. 1203 ഏക്കർ ഭൂമി ഇനി വിതരണം ചെയ്യാൻ ലഭ്യമായിട്ടുണ്ട്. |
| ബി | ആറളം ഫാമിൽ നിന്നും എത്ര ഏക്കർ ഭൂമി പതിച്ചു കൊടുത്തു എന്നും ഇനി എത്ര ഏക്കർ ഭൂമി പതിച്ചു കൊടുക്കാനുണ്ട് എന്നും അറിയിക്കുമോ ; | |
| സി | അവിടെ പട്ടികവർഗ്ഗക്കാരും അല്ലാത്തവരും കയ്യേറ്റം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | പട്ടികവർഗ്ഗക്കാരല്ലാത്ത കയ്യേറ്റക്കാരില്ല. |
| ഡി | ആറളം ഫാമിൽ കയ്യേറ്റം നടത്തിയവർക്ക് അവരുടെ കൈവശമുള്ള സ്ഥലം പതിച്ച് കൊടുക്കാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ? | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 296 — 06/07/2009-ൽ മറുപടിക്ക്

ഭവനരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും

ചോദ്യം — മറുപടി

ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീമതി. ജെ. അരുന്ധതി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി. കെ. കെ. ലതിക :
ശ്രീ. എ. സി. മൊയ്തീൻ :

ശ്രീ. എ. കെ. ബാലൻ
പട്ടിക സമുദായ ക്ഷേമവും
ഊർജ്ജവും വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | ഭവനരഹിതരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും രണ്ട് വർഷത്തിനകം ഭൂമിയും വീടും നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) | പട്ടിക വിഭാഗങ്ങളിലെ ഭൂരഹിതർക്ക് ഭൂമിയും, വീടും, ഭവന രഹിതർക്ക് വീടും സമയ ബന്ധിതമായി നല്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി മുഖ്യമന്ത്രി ചെയർമാനായും, പട്ടിക/പിന്നോക്ക വിഭാഗ ക്ഷേമ, വൈദ്യുതി വകുപ്പ് മന്ത്രിയും, റവന്യൂ വകുപ്പ് മന്ത്രിയും വൈസ് ചെയർമാന്മാരായും, ധനകാര്യ വകുപ്പ് മന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളുമായി ഒരു മന്ത്രി സഭാ സമിതിയും, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി ഒരു സെക്രട്ടറി തല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കാൻ നടപടികൾ കൈക്കൊണ്ടു വരുന്നു. |

...2

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭവന നിർമ്മാണ സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന 34058 പട്ടികജാതി കുടുംബങ്ങൾക്കും പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന 3488 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധന സഹായം നൽകിയിട്ടുണ്ട്.<br>ഗ്രാമ പഞ്ചായത്തുകൾ മുഖേന പട്ടികജാതി ക്കാർക്ക് 29612 വീടുകളും പട്ടികവർഗ്ഗക്കാർക്ക് 7373 വീടുകളും, നഗരകാര്യ വകുപ്പ് മുഖേന പട്ടികജാതിക്കാർക്ക് 6718 വീടുകളും പട്ടികവർഗ്ഗക്കാർക്ക് 402 വീടുകളും, ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന ഇന്ദിര ആവാസ് യോജന പ്രകാരം പട്ടികജാതിക്കാർക്ക് 66025 വീടുകളും, പട്ടികവർഗ്ഗക്കാർക്ക് 5445 വീടുകളും നൽകിയിട്ടുണ്ട്. |
| (സി) | വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അനുവദിക്കുന്ന സഹായധനം എത്രയാണെന്ന് അറിയിക്കുമോ ; | (സി) | വസ്തു വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഗ്രാമ പ്രദേശത്ത് 3 സെന്റിന് 45,000/- രൂപയും, മുനിസിപ്പൽ പ്രദേശത്ത് 1½ സെന്റിന് 50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 1½ സെന്റിന് 60,000/- രൂപയും അനുവദിച്ചു വരുന്നു. വീട് വയ്ക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും 75,000 രൂപ ധനസഹായം നൽകുന്നു.<br>..3 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധന സഹായ പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നില്ല. പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധന സഹായമായി വീടൊന്നിന് 1 ലക്ഷം രൂപ നല്കി വരുന്നു. |
| (ഡി) | പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഗവൺമെന്റ് സെക്രട്ടറിതല സമിതിയുടെയും മന്ത്രിസഭ ഉപസമിതിയുടെയും മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതാണ്. ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനായി ഒരു നിരീക്ഷണ സംവിധാനവും നിലവിലുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഐ.എ.വൈ പദ്ധതി എന്നിവ വഴി നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 297 — 06.07.2009-ൽ മറുപടിക്ക്

## വ്യവസായ ബന്ധ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എ. എം. യൂസഫ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഏതെല്ലാം വ്യവസായ മേഖലകളിലാണ് വ്യവസായ ബന്ധ സമിതികൾ രൂപീകരിച്ചിട്ടുള്ളത്; | (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ തോട്ടം, കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളുചെത്ത്, മോട്ടോർ, കുട്ടനാട് കാർഷിക മേഖല, പത്രപ്രവർത്തനം എന്നീ മേഖലകൾക്കായി നിലവിൽ വ്യവസായ ബന്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ബന്ധ സമിതികളുടെ ഉന്നത സമിതി എന്ന നിലയിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡും പ്രവർത്തിക്കുന്നു. |
| (ബി) ഈ സർക്കാർ വന്ന ശേഷം ഏതെല്ലാം വ്യവസായബന്ധ സമിതികൾ പുന:സംഘടിപ്പിച്ചു എന്നു വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തോട്ടം, കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളുചെത്ത്, മോട്ടോർ, കുട്ടനാട് കാർഷിക മേഖല എന്നീ വ്യവസായ ബന്ധ സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. പത്രപ്രവർത്തക വ്യവസായ ബന്ധ സമിതി പുതുതായി രൂപീകരിച്ചതാണ്. |
| (സി) ഏതെങ്കിലും മേഖലയിൽ പുതുതായി വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഉണ്ട്. ഏതെല്ലാം വിഭാഗത്തിനു IRC രൂപീകരിക്കണമെന്ന് അവസാനമായി തീരുമാനിച്ചിട്ടില്ല. |
| (ഡി) വ്യവസായ ബന്ധ സമിതികളുടെ പ്രവർത്തനം തൊഴിൽ മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിർത്താൻ എന്തുമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) സംസ്ഥാനത്തിന്റെ വ്യവസായ-തൊഴിൽ നയങ്ങൾക്കനുഗുണമായ രീതിയിൽ വ്യവസായ ബന്ധം നിലനിർത്തി തൊഴിലാളികളുടെ ഉത്തമ താല്പര്യം സംരക്ഷിച്ചു കൊണ്ട് വിവിധ വ്യവസായ മേഖലകളിൽ സമാധാനപരമായ ബന്ധം നിലനിർത്തുന്നതിന് വ്യവസായ ബന്ധ സമിതികൾ വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ചു വരുന്നുണ്ട്. വ്യവസായ ബന്ധ സമിതികളുടെ ഉന്നത സമിതി എന്ന നിലയിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് പ്രവർത്തിച്ചു വരുന്നുണ്ട്. |

Niyas

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 298 | 06/07/2009 - ൽ മറുപടിക്ക് |
|---|---|

**ആനുകൂല്യങ്ങൾ വ്യാജ ജാതി സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ തട്ടി എടുക്കുന്നതായ പരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) വ്യാജ ജാതി സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ പട്ടിക വിഭാഗങ്ങൾക്ക് അർഹമായ ജോലി, സാമ്പത്തിക ആനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവ അന്യജാതിക്കാർ തട്ടിയെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഇത്തരത്തിൽ എത്ര പരാതികൾ ഈ വർഷം ഉണ്ടായിട്ടുണ്ട്; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | ബി) ഈ വർഷം 19 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിൻമേൽ നരവംശ ശാസ്ത്രപരമായ അന്വേഷണം നടത്തുന്നതിനായി അവ കിർത്താഡ്സിന്റെ പരിഗണനയിലാണ്. |
| സി) ഇവരുടെ അവകാശാനുകൂല്യങ്ങൾ ഇത്തരത്തിൽ കവർന്നെടുക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ; | സി) വ്യാജ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നവർക്കെതിരെ കേരള (പട്ടിക ജാതി/പട്ടിക ഗോത്രവർഗ്ഗങ്ങൾ) ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ നിയമം, 1996 അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നിയമത്തിലെ 6-ാം |

| | |
|---|---|
| | വകുപ്പനുസരിച്ച് പട്ടികജാതിക്കാരൻ, പട്ടികവർഗ്ഗക്കാരൻ എന്ന് കാണിച്ച് മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകൾക്കും അനുബന്ധ കോഴ്സു കൾക്കും പ്രവേശനത്തിനു സമർപ്പിക്കുന്ന അപേക്ഷകൾ ആ വകുപ്പനുസരിച്ച് രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുകയും അപേക്ഷകർ പട്ടികജാതി/പട്ടികവർഗ്ഗക്കാരാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സംശയമുള്ള കേസ്സുകളിൽ കിർത്താഡ്സു വഴി അന്വേഷണവും നടത്തുന്നു. അതുപോലെ പട്ടിജാതി/ പട്ടികവർഗ്ഗക്കാരനായി പ്രവേശനം സമ്പാദിച്ച ഒരു വിദ്യാർത്ഥി പിന്നീട് പട്ടിജാതി/ പട്ടികവർഗ്ഗക്കാരനല്ലെന്ന് കാണുകയാണെങ്കിൽ ടിയാന്റെ പ്രവേശനം റദ്ദാക്കുന്നതിനും വാങ്ങിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനും വ്യവസ്ഥയുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റു കളുടെ അടിസ്ഥാനത്തിൽ ജോലി സമ്പാദിച്ച വരുടെ കാര്യത്തിൽ നിയമനാധികാരികൾ ആവശ്യപ്പെടുന്നതും, പട്ടിജാതി/ പട്ടിക വർഗ്ഗക്കാരനാണെന്നുള്ള അവകാശ വാദത്തിനെതിരെ സമർപ്പിക്കുന്ന പരാതികൾ സംബന്ധിച്ചും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവശ പ്പെടുന്നതും, വിവിധ അന്വേഷണങ്ങൾ നടത്തുമ്പോൾ ആവശ്യമായി വരുന്നതുമായ അന്വേഷണങ്ങൾ കിർത്താഡ്സ് നടത്തുകയും റിപ്പോർട്ട് പ്രസ്തുത നിയമത്തിലെ വകുപ്പ് 8 |

| | |
|---|---|
| | പ്രകാരം രൂപീകരിച്ച പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷ നായുള്ള സൂക്ഷ്മ പരിശോധന കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നു. പട്ടിജാതി/ പട്ടികവർഗ്ഗക്കാര നാണെന്നുള്ള അവകാശവാദം ഉന്നയിക്കുന്ന വ്യക്തി യഥാർത്ഥത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരനല്ലെന്ന് കമ്മിറ്റി കാണുകയാ ണെങ്കിൽ ടിയാനെ ജോലിയിൽ നിന്ന് പിരിച്ചുവിടാൻ നിർദ്ദേശം നൽകുന്നു. ഇവർക്ക് 6 മാസം മുതൽ 2 വർഷംവരെ കഠിന തടവും 1000 രൂപ മുതൽ 5000 രൂപ വരെ പിഴയും ശിക്ഷ നൽകുന്നതിന് വ്യവസ്ഥയുണ്ട്. |
| ഡി) ഇത്തരം ദുഷ്പ്രവർത്തികൾക്കു ന്കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും, ഈ വർഷം ഇതു വരെ ഇത്തരം എത്ര കേസുകളിൻമേൽ നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ? | ഡി) പ്രസ്തുത നിയമത്തിലെ 18-ാം വകുപ്പനുസരിച്ച് വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ അറിഞ്ഞുകൊണ്ട് വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകുകയാണെങ്കിൽ ടി യാന് 6 മാസം മുതൽ 2 വർഷം വരെ കഠിന തടവും 1000 രൂപ മുതൽ 5000 രൂപ വരെ പിഴയും ശിക്ഷ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരം കേസുകളൊന്നും ഈ വർഷം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 299

6.7.2009-ൽ മറുപടിയ്ക്ക്

" ദേവസ്വം ആസ്തികളുടെ സംരക്ഷണം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീമതി. പി. അയിഷാപോറ്റി:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. ജി. സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) ദേവസ്വം ഭൂസ്വത്തുക്കളും, സ്വർണ്ണ ശേഖരങ്ങളും തിട്ടപ്പെടുത്തി ഇൻവെന്ററി തയ്യാറാക്കാൻ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) ഗുരുവായൂർ ദേവസ്വത്തിൽ ഭൂസ്വത്തുക്കൾ, വസ്തുരേഖ രജിസ്റ്റർ, അബ്സ്ട്രാക്ട് രജിസ്റ്റർ, ഡോക്യുമെന്റ് രജിസ്റ്റർ എന്നീ അടിസ്ഥാനത്തിൽ റക്കോർഡുകൾ 27.6.2009 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂസ്വത്തുക്കൾ, സ്വർണ്ണം, വെള്ളി മുതലായ വിലപിടിച്ച വസ്തുക്കളുടെ പരിശോധന നടത്തുന്നതിന് തലശ്ശേരി, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങൾ ആസ്ഥാനമായി 3 വെരിഫിക്കേഷൻ ഓഫീസർമാരുണ്ട്. ടി വസ്തുക്കളുടെ കൃത്യമായ കണക്ക് പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി നൽകുന്നതിന് വെരിഫിക്കേഷൻ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൊച്ചി ദേവസ്വം ബോർഡിൽ സ്വർണ്ണശേഖരങ്ങളുടെയും മറ്റും ഇൻവെ |

______

| | |
|---|---|
| | ന്ററി തയ്യാറാക്കി അവ ഓരോ ക്ഷേത്രത്തിലും പോയി ഒത്തുനോക്കുന്നതിന് പണ്ടം പാത്രം സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ 2007 ഫെബ്രുവരി മാസം വരെയുള്ള സ്വർണ്ണശേഖരം തിട്ടപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷമുള്ളവ അടിയന്തിരമായി പരിശോധിക്കുന്നതാണ്.<br><br>തിരുവിതാംകൂർ ദേവസ്വത്തിൽ ഭൂസ്വത്തുക്കളെ സംബന്ധിച്ച വിശദമായ ഒരു ലാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടി നടന്നുവരുന്നു. ദേവസ്വങ്ങളിലെ സ്വർണ്ണ ശേഖരത്തെക്കുറിച്ചുള്ള ഒരു ഇൻവെന്ററി തയ്യാറാക്കുന്നതിന് ദേവസ്വങ്ങളിലെ സ്വർണ്ണത്തിന്റെ വിവരം ശേഖരിച്ചു വരുന്നു. |
| (ബി)അന്യാധീനപ്പെട്ട എത്ര ഏക്കർ ദേവസ്വം ഭൂമി ഇതിനകം തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) ഗുരുവായൂർ ദേവസ്വം വക ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 2.53 ഏക്കർ, ടി താലൂക്കിൽ പൂക്കോട് വില്ലേജിൽ 18 സെന്റ് സ്ഥലവും അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ മണത്തല വില്ലേജിലെ 1.5 ഏക്കർ 5സെന്റ് ഭൂമി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരിച്ചെടുത്തിട്ടുണ്ട്. ബാക്കി വരുന്ന 1.48ഏക്കർ ഭൂമിയും പൂക്കോട് വില്ലേജിലെ 18 സെന്റ് ഭൂമിയും തിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിൽ 3.31ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്.<br><br>കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ളവിവിധ കേസുകളിലായി 2.85 ഏക്കർ ഭൂമിയിലെ കയ്യേറ്റം ഒഴിവാക്കിയിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ അന്യാധീനപ്പെട്ട 0.3874 ഹെക്ടർ ഭൂമി തിരിച്ചെടു |

| | |
|---|---|
| | ക്കാൻ വേണ്ടനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>തിരുവിതാംകൂർ ദേവസ്വത്തിൽ കൈയ്യേറിയ 494ഏക്കർ ഭൂമിയിൽ 102 സെന്റ് ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |
| (സി) ദേവസ്വം ക്ഷേത്രങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ വരുന്നത് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രവും 11കീഴേടം ക്ഷേത്രങ്ങളുമാണ്. ഇതിൽ ഗുരുവായൂർ ക്ഷേത്രവും 9 കീഴേടം ക്ഷേത്രങ്ങളും മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്. ബാക്കി രണ്ടു കീഴേടം ക്ഷേത്രങ്ങൾ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി മതിൽ കെട്ടി സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.<br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിക്കുമ്പോൾ ക്ഷേത്രങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതാണ്.<br>കൊച്ചി ദേവസ്വത്തിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ശ്രീ കൂടൽമാണിക്യം ക്ഷേത്രം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സാമ്പത്തിക പരിമിതിമൂലം കീഴേടം ക്ഷേത്രങ്ങളിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല.<br>തിരുവിതാംകൂർ ദേവസ്വം ബോർഡിലും ക്ഷേത്രങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) ദേവസ്വം സ്വർണ്ണ ശേഖരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഗുരുവായൂർ ദേവസ്വം വക സ്വർണ്ണ ശേഖരങ്ങൾക്ക് ദേവസ്വം ഉത്തരവാദിത്വത്തിൽ വിപുലമായ ലോക്കൽ സംവിധാനവും 24 മണിക്കൂറും കാവൽക്കാരും, ഇൻഷുറൻസ് പരിരക്ഷയും നിലവിലുണ്ട്.<br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ സ്വർണ്ണ ശേഖരങ്ങൾ നഷ്ട |

പ്പെടുന്നത് ഒഴിവാക്കാൻ സ്വർണ്ണം തുടങ്ങിയ വിലപിടിപ്പുള്ള സാധനങ്ങളുടെ കൃത്യമായ കണക്ക് തയ്യാറാക്കി സമർപ്പിക്കാൻ വെരിഫിക്കേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസർമാരിൽ നിന്നും ലഭിക്കുന്ന പീരിയോഡിക്കൽ റിപ്പോർട്ടുകളിൽ സൂക്ഷ്മപരിശോധന വേളയിൽ വ്യത്യാസം കണ്ടാൽ നടപടി സ്വീകരിക്കുന്നതുമാണ്.

കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണ ശേഖരം നഷ്ടപ്പെടാതിരിക്കാൻ രാത്രി കാലങ്ങളിൽ സെക്യൂരിറ്റിക്കാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോമാറ്റിക് അലാറം ഘടിപ്പിക്കുന്നതിനും, സ്വർണ്ണ ഉരുപ്പടികൾ കൂടുതൽ സൂക്ഷിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ സ്ട്രോംങ് റൂം നിർമ്മിക്കുന്നതിനും സേഫ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ സ്വർണ്ണം സൂക്ഷിക്കുന്നതിന് ആവശ്യമായ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

തിരുവിതാംകൂർ ദേവസ്വത്തിൽ നടവരവായി ലഭിക്കുന്ന സ്വർണ്ണ ഉരുപ്പടികൾ രജിസ്റ്ററിൽ ചേർത്ത് ദേവസ്വം വക സ്ട്രോംങ് റൂമിൽ സൂക്ഷിക്കുന്നു. 24മണിക്കൂറും കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

Sulabhan

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 300 6.07.2009 ൽ മറുപടിയ്ക്ക്**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 41 ഐ.റ്റി.സി.കളിലെ നിലവിലുള്ള 11 ട്രേഡുകൾക്കും എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനികളുടെ പഠനനിലവാരവും ഐ.റ്റി.സി.കളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി എല്ലാം ഐ.റ്റി.സി.കളിലും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ചെറുവത്തൂർ, കേരളാധീശ്വരപുരം, മാടപ്പള്ളി, പന്തളം, വെട്ടിക്കവല, മരിയാപുരം എന്നീ ഐ.റ്റി.സി.കളിൽ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അതിനായി മേൽ ഐ.റ്റി.സി.കളിൽ കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു.<br>ട്രെയിനികളിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് സ്പോക്കൺ ഇംഗ്ലീഷ് ട്രെയിനിംഗ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. എൻ.സി.വി.റ്റി. നോംസ് പ്രകാരം എല്ലാ ട്രേഡുകളിലും ആവശ്യമായ പഠനോപകരണങ്ങളും മെഷീനറികളും യഥാസമയം ഐ.റ്റി.സി.കളിൽ ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് ട്രേഡുകളിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി |

| | |
|---|---|
| | ട്രെയിനിംഗ് കം എംപ്ലോയ്മെന്റ് സ്കീമും അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീമും നടപ്പിലാക്കി വരുന്നു. ഐ.റ്റി.സി.കളിൽ ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിന് പരാജയപ്പെടുന്ന ട്രെയിനികൾക്ക് ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഐ.റ്റി.സി.കളിലെ ട്രെയിനികൾക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകുന്നതിനായി ഇൻസ്ട്രക്ടർമാർക്ക് ഗവൺമെന്റ് ഐ.റ്റി.ഐ.യിലെ ഇൻസ്ട്രക്ടർമാർക്ക് നൽകി വരുന്ന സി.റ്റി.ഐ.യിൽ (ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ മംഗലം, പത്തനംതിട്ട ജില്ലയിൽ പന്തളം ഐക്കാട്, തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, തൃശൂർ ജില്ലയിൽ എങ്കക്കാട്, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, കൊല്ലം ജില്ലയിലെ കുളക്കട, ഓച്ചിറ എന്നീ ഐ.റ്റി.സി.കളെ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.സി. കളാക്കി ഉത്തരവായിട്ടുണ്ട്. ഇവിടെ പഠന/പരിശീലന കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു വരുന്നു. |
| (ബി) ഇവിടെ തൊഴിൽ സാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) പുതുതായി ഐ.ടി.സി.കൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) കണ്ണൂർ ജില്ലയിൽ പെരളശ്ശേരിയിലും മലപ്പുറം ജില്ലയിൽ വട്ടംകുളത്തും തൃശൂർ ജില്ലയിൽ വരവൂരിലും കോഴിക്കോട് ജില്ലയിൽ തൂണേരിയിലും ഐ.റ്റി.സി.കൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ഡി) ഐ.ടി.സി.കളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് വ്യക്തമാക്കുമോ ? | (ഡി) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഐ.റ്റി.സി.കളിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പരിശീലനം പൂർണ്ണമായും സൗജന്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഒന്നാംവർഷം 525/- രൂപയും രണ്ടാം വർഷം 400/- രൂപയും ലംപ്സംഗ്രാന്റും പ്രതിമാസം 400/- രൂപ സ്റ്റൈപ്പന്റും നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/ഇതര വിദ്യാർത്ഥികൾക്കുൾപ്പെടെ എല്ലാ ട്രെയിനികൾക്കും കോഴ്സിനോടനുബന്ധിച്ചു നടത്തുന്ന സ്റ്റഡിടൂറിന് 500/- രൂപ റ്റി.എ/ഡി.എ ഇനത്തിൽ നൽകുന്നു. കൂടാതെ എല്ലാ ട്രെയിനികൾക്കും 900/- രൂപ വർക്കിംഗ് ഡ്രസ്സിനും തയ്യൽകൂലിക്കുമായി നൽകുന്നു.<br>വകുപ്പിന്റെ ഐ.റ്റി.സി കളിൽ നിന്നും വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ട്രെയിനികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ പണിയായുധങ്ങൾ (ടൂൾ കിറ്റ്) വാങ്ങുന്നതിന് ധനസഹായം നൽകുന്നു.<br>തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരദിനാഘോഷത്തോടനുബന്ധിച്ച് എല്ലാ വർഷവും പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.റ്റി.സി.കളിൽ പഠിച്ച് ഓരോ ട്രേഡിലും ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ആദ്യ തവണ വിജയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകി വരുന്നു. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ട്രെയിനികൾക്ക് ട്യൂഷനും ഒരു തവണ പരീക്ഷാ ഫീസും വകുപ്പ് നൽകുന്നു. ഐ.റ്റി.ഐ/ഐ.റ്റി.സി പാസ്സാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ട്രെയിനികൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യം നേടുന്നതിലേയ്ക്ക് ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നു.<br>ഇവർക്ക് പ്രതിമാസം 2,000/- രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. കൂടാതെ ആൾ ഇന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് പാസ്സാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് ഒരു വർഷത്തെ അഡീഷണൽ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗും നൽകി വരുന്നു. ഇവർക്ക് പ്രതിമാസം 2,000/- രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. |

സെക്ഷൻ ഓഫീസർ